വേദപ്രചാര

സത്യസഭാമൃത



പുസ്തകം 7. നവംബർ 1934. ലക്കം 5.

LICENCE NO. 183.

വിഷയവിവരണിക.

1. പരസ്യക്കല്പന.
2. മാർ യൗസേപ്പുപിതാവിന്റെ ജീവചരിത്രം. (തുടർച്ച)
3. വി. കൊച്ചു ത്രേസ്യാ സ്തുതി.
4. ജപമാപ്രാസ്തലസഖ്യം.
5. ദണ്ഡവിമോചനം.
6. ഒരാശ്രമം.
7. തിരുമണിക്കുർ.
8. പൊതുനിയോഗം. (ജ.ഉ. സഖ്യം)
9. ഉപകാരസ്മരണകൾ.
10. കത്തോലിക്കാഭ്യം
11. പുസ്തകാഭിപ്രായങ്ങൾ.
12. ചരമവാർത്തകൾ.
13. പരസ്യങ്ങൾ.
14. പഞ്ചാംഗം.

"സുകൃതഭണ്ഡാരം"

പരിഷ്ക്കരിച്ച രണ്ടാം പതിപ്പു്.

കൂടുതലായി പലജപങ്ങളും കൂട്ടിച്ചേർത്തു്, ആദ്യത്തേതിൽ ഇരട്ടി വലിപ്പത്തിൽ അച്ചടിച്ചു തയാറായിരിക്കുന്നു. കാലിക്കോബയണ്ടിനു് വില ർ അണ. കൂടാതെ മൊറോക്കോ സെല്ലുലോയിഡ് ഈ ബയണ്ടുകളിലും

വില്പാൻ തയാറുണ്ടു്.

അപേക്ഷിക്കേണ്ടതു മേൽവിലാസം

I. മാനേജർ
മദ്ധ്യസ്ഥൻ ബുക്കുഡിപ്പോ
ചങ്ങനാശേരി

2 മാനേജർ
ലിറ്റിൽഫ്ളൗവർ കത്തോലിക്കു സ്റ്റാം
& ബയണ്ടിങ്ങ് ഫേം, മാന്നാനം

മധ്യസ്ഥൻ.

പുസ്തകം ൭ ഫൻസ്വർ നവംബർ ലക്കം ൪

No. 30.

ദൈവകൃപയാലും
പരിശുദ്ധ സിംഹാസനത്തിന്റെ മനോഗുണത്താലും
ചങ്ങനാശ്ശേരി രൂപതയുടെ
മെത്രാനായ നാം



കാളാശ്ശേരിൽ ജയിംസ്

മെത്രാൻ.

"നിങ്ങളും തപസ്സുചെയ്തില്ലെങ്കിൽ, നിങ്ങളും എല്ലാവരും നശിച്ചുപോകും". (വി. ലൂക്കാ. 13. 5)

വന്ദ്യസഹോദരരെ, വാത്സല്യമക്കളെ!

മ്ശിഹായുടെ കുരിശുമരണത്തിന്റെ ഫൻ–ാം ശതാബ്ദപൂർത്തി കൊണ്ടാടുന്നതിനായി നമ്മുടെ പരിശുദ്ധപിതാവു ഫ്ര ാം പീയൂസ് മാർപാപ്പാ പ്രഖ്യാപനംചെയ്ത ജൂബിലിവർഷം ഇക്കഴിഞ്ഞ ഉയിർപ്പുതിരുനാളോടുകൂടി അവസാനിച്ചുവെങ്കിലും, "നാം റോമായിൽ ഈ ജൂബിലി അവസാനിപ്പിക്കുന്നതു, സമസ്തലോകത്തിനുമായി അതു് ആരംഭിക്കുവാൻ വേണ്ടിയാണു,". എന്നു തിരുമനസ്സുകൊണ്ടു് അരുളിച്ചെയ്തിരുന്നപ്രകാരം കഴിഞ്ഞ ഏപ്രിൽ ൨–ാം ൨൪ മുതൽ അടുത്ത വത്സരം–ഫൻസ്വ–ലെ ഉയിർപ്പു

തിരുനാളിന്റെ എട്ടാംദിനമായ ഏപ്രിൽ-വ-ാം നു- പാതിരാ വരെ റോമാനഗരമൊഴിച്ചു് കത്തോലിക്കാലോകത്തിലെവിടെയും ആക്കും പൂർണ്ണദണ്ഡവിമോചനങ്ങൾ പ്രാപിക്കത്തക്കവണ്ണം ആ ജൂബിലി ഒരു പ്രത്യേകതിരുവെഴുത്തുമൂലം നീട്ടിയിരിക്കുന്നു.

ഇങ്ങനെ ശ്ര. മാപ്പാപ്പാ ദയാപൂരസ്സരം നമുക്കു് അനുവദിച്ചുതന്നിരിക്കുന്ന ഈ വിശുദ്ധവത്സരത്തിൽ സകലപാപങ്ങളുടെയും പൂർണ്ണദണ്ഡവിമോചനം ഓരോരുത്തക്കും എത്രപ്രാവശ്യമെങ്കിലും കൈക്കൊള്ളാവുന്നതും ശുദ്ധീകരാത്മാക്കൾക്കുവേണ്ടി അതു് യഥേഷ്ടം കാഴ്ചവെക്കാവുന്നതുമാകുന്നു. എന്നാൽ പ്രസ്തുത മുഴുവൻദോഷപൊറുതി പ്രാപിക്കുന്നതിലേയ്ക്കു് ഏതാനും ഭക്തികൃത്യങ്ങൾ മാപ്പാപ്പാ കല്പിച്ചിട്ടുണ്ടു്. വേറെചിലതു് അതതു രൂപതാധ്യക്ഷന്മാർ നിർണ്ണയിക്കേണ്ടതായുമുണ്ടു്. ആകയാൽ നമ്മുടെ രൂപതയിൽ ജൂബിലിദണ്ഡവിമോചനം പ്രാപിക്കുന്നതിനു വിശ്വാസികൾ അനുഷ്ഠിക്കേണ്ടതായകൃത്യങ്ങൾ ഏവയെന്നു നാം താഴെവിവരിക്കുന്നു.

ക. വി. ക്രുദാശകളുടെ സ്വീകരണം: ജൂബിലിദണ്ഡവിമോചനംപ്രാപിക്കണമെന്ന നിശ്ചയത്തോടുകൂടി കുമ്പസാരിച്ചു വി. കുർബാന ഉൾക്കൊള്ളണം. എന്നാൽ ആണ്ടു കുമ്പസാരത്തിന്റെ കടമ നിറവേറ്റാനുള്ള പാപസങ്കീർത്തനവും ദിവ്യകാരുണ്യസ്വീകരണവും ഇതിനുപയോഗപ്പെടുത്തുവാൻ പാടുള്ളതല്ല.

ഖ. ദേവാലയസന്ദർശനങ്ങൾ. ദേവാലയസന്ദർശനം ക്ര പ്രാവശ്യം നടത്തണം. ഇവിടെ ദേവാലയം എന്നു പറഞ്ഞിരിക്കുന്നതു് ഇടവകപ്പള്ളിയൊ, കടമുള്ളദിവസങ്ങളിൽ കുർബാനയുള്ളകുരിശുപള്ളിയൊ, ആശ്രമങ്ങളോടുചേർന്ന പരസ്യകപ്പേളയൊ ആകുന്നു. പൊതുജനങ്ങൾക്കു പ്രവേശനമില്ലാത്ത കന്യകാമഠങ്ങളുടെകപ്പേളകൾ കന്യാസ്ത്രീകൾക്കും അവരുടെ കപ്പ്ലോൻമാർക്കും ബോർഡിങ്ങ് കുട്ടികൾക്കും വേലക്കാരികൾക്കും മാത്രം ജൂബിലിസന്ദർശനത്തിനായി ഉപയോഗപ്പെടുത്താം. ക്ര പ്രാവശ്യം ദേവാലയംസന്ദർശിക്കുകഎന്നതു് പലദിവസങ്ങളായൊ ഒരുദിവസംതന്നൊയൊ പല പള്ളികളിലൊ ഒരേ പള്ളിയിലൊ അന്യരൂപതകളിലേ പള്ളികളിലൊ നടത്താവുന്നതാണു്. എന്നാൽ ഓരോ സന്ദർശനംകഴിഞ്ഞു് അടുത്തസന്ദർശനം പള്ളിയിൽനിന്നുപുറത്തിറങ്ങി വീണ്ടും പള്ളിയിൽപ്രവേശിച്ചു നടത്തേണ്ടതാകുന്നു. ഒരോരുത്തർ തനിച്ചുകഴിക്കുന്ന സന്ദർശനങ്ങൾക്കുപകരം ബ. വികാരിയുടെയൊ അദ്ദേഹം നിയമിക്കുന്ന വൈദികന്റെയൊ അഭിമുഖ്യത്തിൽ വിശ്വാസികൾ കൂട്ടമായി പ്രദക്ഷിണമൂയ്ച്ചു പള്ളിസന്ദർശനം നടത്തുന്നതിനും അനുവാദമുണ്ടു്. ഇങ്ങിനെ കൂട്ടമായി

പള്ളിപ്രദക്ഷിണംചെയ്കകഴിക്കുന്ന ഓരോ വിസീത്തയും തനിച്ചുകഴിക്കുന്ന നാലുവിസീത്തകർക്കു സമമായിരിക്കും.

ഒരു ദേവാലയം ക്രമമായിസന്ദർശിച്ചു് പള്ളിയ്ക്കുചുറ്റും(അഥവാകുരിശിനുചുറ്റും) പ്രദക്ഷിണംകഴിച്ചശേഷം പ്രദക്ഷിണമുറയ്ക്കുതന്നെമറെറാരുദേവാലയംകൂടി സന്ദർശിക്കുന്നതു് ആ തനതു വിസീത്തകർക്കു സമമായും, എന്നാൽ രണ്ടാമത്തെദേവാലയം സന്ദർശിച്ചശേഷം ജനക്രമം പുറത്തുവന്ന ആ പള്ളിയ്ക്കുചുറ്റും പ്രദക്ഷിണംകഴിച്ചു വീണ്ടും ഒന്നാമത്തെദേവാലയത്തിലേയ്ക്കോ, വേറെ ഒരു ദേവാലയത്തിലേയ്ക്കോ പ്രദക്ഷിണമായിപോയി. അതു സന്ദർശിക്കുന്നുവെങ്കിൽ പന്ത്രണ്ടു തനതുവിസീത്തകർക്കു തുല്യമായും പരിഗണിക്കാവുന്നതാണു്. ഉദാഹരണമായി ചങ്ങനാശേരി നമ്മുടെകത്തീദ്രൽപള്ളിയും പാറേൽപള്ളിയും പെത്തിഫ്രൂഴ കൊവേന്തപ്പള്ളിയും മേൽപ്രകാരം പ്രദക്ഷിണമായി സന്ദർശിച്ചാൽ ജൂബിലിദണ്ഡവിമോചനത്തിനായുള്ള ത്രീ തനതു സന്ദർശനങ്ങളും ഉപേക്ഷിക്കാവുന്നതാണു്.

൩. നിശ്ചിതജപങ്ങൾ: ദേവാലയസന്ദർശനങ്ങൾ നടത്തുമ്പോൾ ഓരോവേളയിൽ ഏതാനും നിശ്ചിതജപങ്ങൾ ചൊല്ലേണ്ടതായുണ്ടു്. അവ എന്തെന്നാൽ:—

1. വി. കുർബാനയുടെ മുമ്പിൽ മുട്ടുകുത്തിയിട്ടു് ൫ആ. ൫ നന്മ ൫ ത്രിത്വസ്തുതിയും;

2. തിരുസ്സന്നിധിയിൽവെച്ചുതന്നെ ശു. മാപ്പുപ്പായുടെ നിയോഗങ്ങൾക്കായി ൫ ആ. ൫ നന്മ. ൫ ത്രിത്വസ്തുതിയും,

3. തൂങ്ങപ്പെട്ട രൂപത്തിൻമുൻപിൽ മുട്ടുകുത്തി ൩ പ്രാവശ്യം വിശ്വാസപ്രമാണം ചൊല്ലിക്കഴിഞ്ഞിട്ടു് "ഈശോമിശിഹായെ നിന്നെ ഞങ്ങളും ആരാധിച്ചുകുമ്പിട്ടു നിനക്കു സ്തോത്രം ചെയ്യുന്നു; എന്തുകൊണ്ടെന്നാൽ നിൻറെ വിശുദ്ധ കുരിശാൽ ലോകത്തെ നിവീണ്ടെടുത്തു" എന്ന സുകൃതജപം ഒരു പ്രാവശ്യംചൊല്ലി കുമ്പിട്ടു വണങ്ങുകയും,

4. ദൈവമാതാവിൻ രൂപത്തിൻ മുമ്പിൽ മുട്ടുകുത്തി ആ അമ്മയുടെ വ്യാകുലങ്ങളെക്കുറിച്ചു "നന്മനിറഞ്ഞ മറിയമെ" എന്ന നമസ്കാരം ഏഴുപ്രാവശ്യം ചൊല്ലിയതിനുശേഷം "പരിശുദ്ധ ദിവ്യമാതാവെ! നിൻറെ തിരുക്കുമാരൻറെ തിരുമുറിവുകളെ എൻറെ ഹൃദയത്തിൽ പതിപ്പിച്ചരുളേണമേ" എന്ന ഒരു പ്രാവശ്യം ചൊല്ലുകയും,

5. കടശ്ശി വി. കുർബാനയുടെ മുമ്പിൽ വീണ്ടും മുട്ടുകുത്തി ഒരിക്കൽക്കൂടി വിശ്വാസപ്രമാണം ചൊല്ലുകയുംചെയ്യേണം.

മേൽ വിവരിച്ച പ്രകാരമുള്ള ൫ പ്രാർത്ഥനാഘട്ടങ്ങൾ ഓരോ സന്ദർശനത്തിനുമാവശ്യമായിരിക്കുന്നു. ഇവയോടുകൂടി ഓരോരുത്തരുടെ സൌ

കയ്യും ഭക്തിയുമനുസരിച്ചു മറ്റു പ്രാർത്ഥനകളും ധ്യാനങ്ങളും കഴിക്കുന്നതുപോലെ ഉപകാരപ്രദമായിരിക്കും.

നിശ്ചിതദേവാലയസന്ദർശനങ്ങളും ഭക്തികൃത്യങ്ങളും ആരെങ്കിലും മാറ്റിവച്ചിട്ടു സുഖക്കേടു നിമിത്തം അതു മുഴുവനാക്കുവാൻ സാധിക്കാതെ വന്നാൽ കുമ്പസാരിച്ചു ശു. കു. കൈക്കൊള്ളുന്നപക്ഷം കഴിച്ചുകൂട്ടത്തോളം സന്ദർശനങ്ങളും ജൂബിലി മുഴുവൻ ദോഷപൊറുതിയ്ക്കു മതിയാകുന്നതാണു്. അപ്രകാരംതന്നെ സന്ദർശനങ്ങളും മറ്റും നടത്താൻ സാധിക്കാത്ത അവശതക്കാരെ സംബന്ധിച്ചു്, അവ യുക്തംപോലെ മുടുക്കിക്കൊട്ടുത്തും, അഥവാ വേറൊന്നായി മാറ്റിക്കല്പിച്ചും ദണ്ഡവിമോചനം കൈക്കൊള്ളുന്നതിനു സൌകര്യം നൽകുവാൻ നാം അവരുടെ ഇടവകവികാരിമാർക്കും സന്ന്യാസാശ്രമാധിപന്മാർക്കും, കുമ്പസാരക്കാർക്കും അനുവദിച്ചിരിക്കുന്നു. എന്നാൽ ഒരു കാരണത്താലും കുമ്പസാരവും ദിവ്യകാരുണ്യസ്വീകരണവും ഒഴിവാക്കപ്പെടാവുന്നതല്ല.

ജൂബിലിക്കുമ്പസാരത്തിൽ ഈ പ്രകാരത്തിൽപ്പിടിക്കപ്പെട്ട എല്ലാദോഷങ്ങളും എല്ലാ കുമ്പസാരക്കാർക്കും മോചിക്കാവുന്നതാണു്.

പ. പിതാവു ഈ ജൂബിലിയവസരത്തിൽ വിശ്വാസികൾ അതിതീഷ്ണതയോടെ പ്രാർത്ഥിച്ചു സാധിപ്പാൻ നിയോഗിച്ചിരിക്കുന്ന പ്രധാനകാര്യങ്ങൾ നിമ്മതപ്രസ്ഥാനങ്ങളുടെ ഉൻമൂലനം, തിരുസ്സഭയുടെ സ്വാതന്ത്ര്യം, വിശ്വാസപ്രചാരം, സമസ്തജനങ്ങളുടെയും സമാധാനൈശ്വര്യങ്ങൾ എന്നിവയാകയാൽ എല്ലാവിശ്വാസികളും തദുദ്ദേശസാദ്ധ്യാർത്ഥം ഉള്ളുഴിഞ്ഞു് അപേക്ഷിക്കണമെന്നു നാം ഏവരേയും പ്രത്യേകമോർപ്പിക്കുന്നു.

ബ. സഹോദരരെ, പ്രിയമക്കളെ,

ജൂബിലിയുടെ പുണ്യദണ്ഡവിമോചനങ്ങൾ ഓരോരുത്തർ തങ്ങൾക്കും ശുദ്ധീകരാത്മാക്കൾക്കുംവേണ്ടി പല പ്രാവശ്യം കൈക്കൊള്ളുന്നതിനു് ഏറ്റം ജാഗ്രതയുള്ളവരായിരിക്കണമെന്നു് നാം താല്പര്യപ്പെടുന്നു. അധമ്മങ്ങൾക്കുള്ള കാലത്തിനടുത്ത ശിക്ഷ ഇഹത്തിലും പരത്തിലും ഇളവു വെയ്ക്കുകിട്ടുന്നതിനു് അനേകനാളത്തെ തപസ്സു് സാധാരണ നിയമപ്രകാരമാവശ്യമായിരിക്കുന്നു. എന്നാൽ ഈ അസാധാരണ ജൂബിലി വർഷത്തിൽ ദൈവത്തിന്റെ അളവറ്റ അനുഗ്രഹത്താൽ നമ്മുടെ പാപങ്ങളുടെ കാലത്തിനടുത്ത ശിക്ഷ നിഷ്പ്രയാസം നീക്കപ്പെടുന്നു. സാമ്പത്തികാധഃപതനം നിമിത്തം നാമേവരും അനുഭവിക്കുന്ന കഷ്ടാരിഷ്ടതകളും നമ്മുടെ പാപത്തിന്റെ ഒരു ശിക്ഷയാണെന്നുള്ളതിനു സംശയമില്ല. ഈ ശിക്ഷ നീങ്ങുന്നതിനു ജൂബിലി ദണ്ഡവിമോചനപ്രാപ്തി അത്യന്തം ഉപകാരപ്രദമായിരിക്കും.

അതിനാൽ വിശ്വാസികളേവരും മേല്പറഞ്ഞ ഭക്തകൃത്യങ്ങളും യഥാവിധി നിർവഹിച്ചു ജൂബിലി മുഴുവൻ ദോഷപൊറുതി പലേ തവണപ്രാപിക്കുവാൻ ഇടവരുത്തക്കവണ്ണം ബ. വൈദികർ പ്രസംഗങ്ങളും ജ്ഞാനധ്യാനങ്ങളും ഭക്തിജനകമായ പ്രദക്ഷിണങ്ങളും വഴിയായി അവരെ വേണ്ടവണ്ണം ഒരുക്കണമെന്നു പ. പിതാവുതന്നെ നിർദ്ദേശിച്ചിരിക്കുന്നു. ആയതുകൊണ്ടു് നമ്മുടെ രൂപതയിലേ എല്ലാ ഇടവകകളിലും മൂന്നുദിവസത്തെയെങ്കിലും ധ്യാനംനടത്തിയും വിസീത്തകം പ്രദക്ഷിണരീതിയിൽ എല്ലാഞായാഴ്ചകളിലുമൊ മാസത്തിൽ രണ്ടെങ്കിലുമൊ കഴിച്ചും ശു. മാപ്പാപ്പായുടെ നിയോഗങ്ങൾക്കായി ഹൃദയപൂർവം പ്രാർത്ഥിക്കുന്നതിനു വിശ്വാസികളെ യഥാവസരം ഉദ്ബോധിപ്പിച്ചും രക്ഷാകരമായ ഈ അസാധാരണജൂബിലി വത്സരത്തിലേ ഒരു നിമിഷംപോലും യാതൊരുത്തനും അലസമായി നഷ്ടപ്പെടുത്താതിരിക്കത്തക്കവണ്ണം എല്ലാ വൈദികരുമുത്സാഹിക്കണമെന്നു നാം ശക്തിയായി ഉപദേശിക്കുന്നു. വരുന്ന നോമ്പുകാലത്തു സൌകര്യമുള്ള സ്ഥലങ്ങളിൽ അയൽപള്ളിക്കാർ തമ്മിൽ യോജിച്ചു ഭക്തിസംവർദ്ധകങ്ങളായ പ്രദക്ഷിണങ്ങളും നടത്തി ജൂബിലിസന്ദർശനങ്ങളും നടത്തണമെന്നും നാം ആഗ്രഹിക്കുന്നു.

ഇപ്രകാരം വിശ്വാസികളേവരും പലവട്ടം ജൂബിലിദണ്ഡവിമോചനം കൈക്കൊണ്ടു് നവചൈതന്യത്തോടുകൂടിയ ഒരു ക്രൈസ്തവജീവിതം ഈ വിശുദ്ധവത്സരത്തിൽ ആരംഭിക്കുന്നതിനാവശ്യമായിരിക്കുന്ന മനോഗുണങ്ങളും നമ്മുടെ ദിവ്യരക്ഷകൻ നിങ്ങളുടെമേൽ വർഷിക്കട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി ബാവായുടേയും ✠ പുത്രന്റേയും ✠ പരിശുദ്ധാത്മാവിന്റേയും ✠ നാമത്തിൽ നാം നിങ്ങളേവരേയും ഹൃദയപൂർവം ആശീർവദിക്കുന്നു.

എന്നു് ജയിംസു് കാളാശ്ശേരി

ക. നു. അരമനയിൽ നിന്നു 1934 ഒക്ടോബർ 23-നു ദിവ്യരക്ഷകന്റെ തിരുനാൾ ദിനം

✠ [illegible]

ക. രൂപതയുടെ മെത്രാൻ.

N. B. ഈ പരസ്യക്കല്പന അടുത്തുള്ള ഞായറാഴ്ചകളിൽ ഏവൻഗേലിയോൻകഴിഞ്ഞു വായിച്ചുകൊള്ളണം

മഹാത്മാവായ

മാർ യൗസേപ്പിന്റെ ജീവചരിത്രം.

അദ്ധ്യായം 21.

വി. ഏലിശ്വായെ സന്ദർശിക്കുന്നു.

I. യാത്ര:- ദൈവത്തോട് പ്രത്യേകമപേക്ഷിച്ചുകൊണ്ട് പ. മറിയം ഭർത്താവൊന്നിച്ച് വി. ഏലീശ്വായുടെ ഭവനത്തിലേക്ക് യാത്രതിരിച്ചു. വളരെ ധൃതഗതിയിലായിരുന്നു അവരുടെ യാത്ര. കാരണം ഏലീശ്വായെ എത്രവേഗം സന്ദർശിക്കാമോ അത്രയും മുമ്പേ യോഹന്നാൻ അവളുടെ ഉദരത്തിൽ വെച്ച് ശുദ്ധീകരിക്കപ്പെട്ടുമെന്നു പ. മറിയത്തിനു മുന്നറിവുണ്ടായിരുന്നു. വഴിമദ്ധ്യേ വി. യൗസേപ്പിന്റെ ആഗ്രഹപ്രകാരം പ. മറിയം ദൈവസ്തുതിപ്പുകൾ പാടിയിരുന്നു. രാത്രിസമയം വഴിയരികിൽ സൗകര്യപ്പെട്ട സ്ഥലത്തവർ അല്പനേരം വിശ്രമിച്ചു. പിറേദിവസം നിർദ്ദിഷ്ടസ്ഥലത്തെത്തി.

2. യോഹന്നാന്റെ ശുദ്ധീകരണം:— ഏലീശ്വായുടെ വീട്ടിൽ പ്രവേശിച്ചക്ഷണത്തിൽ അവളുടെ ഭർത്താവായ സഖറിയായെ വി. യൗസേപ്പ് അഭിവാദ്യം ചെയ്തു. അപ്പോൾ ഏലീശ്വാ പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ മറിയത്തിന്റെ പക്കൽ വേഗം ചെന്ന് അവളെ ആശ്ലേഷിച്ചുകൊണ്ട് " എന്റെ കർത്താവിന്റെ അമ്മ എങ്ങനെ എന്റെ പക്കൽ വന്നു? " എന്ന് ആശ്ചര്യത്തോടുകൂടി ചോദിച്ചു. പ. കന്യകയെ " ദൈവമാതാവ് " എന്ന ആദ്യം സംബോധന ചെയ്വാൻ ഭാഗ്യമുണ്ടായതു വി. ഏലീശ്വായുടെ തന്നെ. എന്നാലിപ്രകാരംവിളിച്ചതു മറ്റാരും കേൾക്കുന്നതിനിടയായില്ല. എന്തെന്നാൽ അവിടെയുണ്ടായിരുന്ന ആളുകളെല്ലാം യൗസേപ്പിന്റെ പുറകും നിന്നുകൊണ്ട് ഉത്തമനായ സഖറിയായുടെ ആഗമസംഭാഷണം അവനു മനസ്സിലാക്കികൊടുക്കുന്നതിൽ ബദ്ധപ്പെട്ടിരിക്കുകയായിരുന്നു. ഏലീശ്വായുടെ മംഗളാശംസയ്ക്കു മറുപടിയായി " എന്റെ ആത്മാവു കർത്താവിനെ മഹത്വപ്പെടുത്തുന്നു " എന്നു തുടങ്ങുന്ന മഹൽ ഗീതം പാടുകയും തൽക്ഷണം ഏലീശ്വായുടെ ഗർഭത്തിലിരുന്നശിശു ജന്മപാപത്തിൽ നിന്നു മോചിതനായി സന്തോഷാധിക്യത്താൽ കൈകാലുകളിളക്കി മ്ശിഹായോടും ദൈവജനനിയോടുമുള്ള ആദരവുകളെ പ്രത്യക്ഷപ്പെടുത്തുകയും ചെയ്തു

3. നസ്രത്തിലേക്ക്:— ഏലീശ്വായുടെ വീട്ടിൽ മൂന്നു മാസത്തോളം താമസിക്കുന്നതിനുള്ളിൽ പ. മറിയത്തിന്റെ പ്രാർത്ഥനയും

കിക്കൊണ്ടു് വി. യൌസേപ്പുതന്നിയെ നസ്രത്തിലേക്കു മടങ്ങി. പ. മറിയത്തിൽ നിന്നു പിരിഞ്ഞു യാത്രമടങ്ങുന്നതു് യൌസേപ്പിനു വളരെ സങ്കടകരമായിരുന്നു. എങ്കിലും തനിക്കുവേണ്ടി അതു കന്യക സദാ ദൈവത്തോടു് അപേക്ഷിക്കുമെന്നുള്ള ശരണവും അവളുടെ വിവിധ ഗുണഗണങ്ങളെക്കുറിച്ചുള്ള നിരന്തരചിന്തയും നിമിത്തം അവൻ യാത്രാക്ലേശം അറിഞ്ഞതേയില്ല. നസ്രത്തിൽ മടങ്ങിയെത്തിയപ്പോൾ നമ്മുടെ വിശുദ്ധൻ മുൻ പതിവുപോലെ മരപ്പണിതുടങ്ങി; മ്ശിഹായുടെ ആഗമനത്തിനുവേണ്ടി ജപതപോധ്യാനങ്ങൾ പൂർവ്വാധികം തീഷ്ണതയോടെ ചെയ്വാനും നിശ്ചയിച്ചു, പ. മറിയം ശട്ടം കെട്ടിയിരുന്ന പ്രകാരം ഗുണവതിയായ ഒരയൽക്കാരി യൌസേപ്പിനു ഭക്ഷണം പാകംചെയ്തു കൊടുത്തിരുന്നു. തന്റെ ഏകാന്ത വാസത്തിനിടയിൽ വി. യൌസേപ്പിനുണ്ടായിരുന്ന ഏകസന്തോഷം പ. മറിയം താമസിച്ചിരുന്ന മറിയിൽ പ്രവേശിച്ചു പ്രാർത്ഥിക്കുന്നതിലായിരുന്നു.

വി. കൊച്ചുത്രേസ്യായിക്കു സ്തുതി.

(പാലങ്ങാടി തോമ്മാ കത്തനാർ)

നേരം വന്നാപ്പോൾ—എ. മ.

1. കൊച്ചുത്രേസ്യാമ്മേ! ഞങ്ങൾ
മെച്ചമോടെ പാടാ—
നിഷ്ഠതരുവിക്കണേ
അതു എത്ര സന്തോഷം
ഇതാനിൻ സ്വർഗ്ഗപ്രത്തിങ്കൽ
സ്വാഗതമോതിടുന്നു.

2. മേദിനിയാകെ ദീപം
സദാ വിളങ്ങുന്ന
റോസപുഷ്പമെ നിയും
ആനന്ദവല്ലിയാകും
മനം കുളിർക്കുന്ന സൂനം
മാനമീലോകർക്കൊക്കെ

3. ഇമ്പം തുകുന്ന നാഥെ!
ചെമ്പകപൂവെനീ
അൻപുവിളമ്പും തിർച്ച
ഭക്തവാത്സല്യം ചിന്തും
മുക്തിഞങ്ങൾക്കേകുവാൻ—നീ
ശക്തിയായി പ്രാർത്ഥിക്ക.

മദ്ധ്യസ്ഥൻ ബുക്ക്ഡിപ്പോ

ചങ്ങനാശ്ശേരി.

വില്പനയ്ക്കുള്ള പുതിയ പുസ്തകങ്ങൾ.

			Rs.	As	Ps.
Imitation of Christ			0	10	0
Catholic Church History			0	12	0
Eucharistic Worship.			0	3	0
Cannon Law for Laymen			0	8	0
Heart of Christ to the Heart of India.			1	4	0
Mother of Apostles.	(A short drama)		0	6	0
Veronica		"	0	12	0
Refuge of Sinners.		"	0	8	0
Annunciation.		"	0	3	0
ഗീതാവലി	(മേരീജോൺ തോട്ടം)		0	8	0
കവിതാരാമം		" "	0	7	0
ഈശപ്രസാദം		" "	0	5	0
ചെറുപുഷ്പത്തിന്റെ ബാല്യകാലസ്മരണകൾ		" "		2	0
ചണ്ഡാളപുത്രി	(ജോൺപീറർതോട്ടം)		0	12	0
കനകംമൂലം		" "	1	0	0
ആതങ്കം		" "		2	2
മാത്താണ്ഡമാതാ		" "		4	0
സുവർണ്ണകമലം		" "		6	0
പരിശുദ്ധാത്മാവേ	(Fr. Mathew Alakalam)		0	7	0
പന്തക്കുസ്താനവനാൾ		" "	0	1	6
തിരുക്കുടുംബം		" "	0	4	6
ജ്ഞാനപൂന്തോപ്പ്	(ഒന്നാംതരം)	"	1	0	0
ടി	(രണ്ടാംതരം)	"	0	12	0
പത്താംപീയൂസ് പാപ്പാ			0	4	0
കത്തോലിക്കു മിഷൻ			0	3	0
തീർത്ഥയാത്രാസ്മരണകൾ			0	4	0
ഒരു കന്യാവും ഒരു വിശ്വാസവും			0	6	0
ഒരുമണി ആരാധന പാട്ടുകൾ			0	0	6
മനുഷ്യപുത്രൻ			1	0	0
സുകൃതഭണ്ഡാരം			0	4	0
ടി തുകൽ തങ്കമിട്ടതു്			0	12	0
വേദോപദേശം			0	2	0
ഭിന്നകേന്ദ്രത്രയം			0	3	0
സന്ദേഹദീപം			0	3	0
വേദപാഠ ഹാജർ ബുക്കു്			0	2	0
Little Office of the Immaculate Conception (for sodalists)			0	1	2

* ജപപ്പോസ്തലസഖ്യം

റവ. ഫാ. സെബാസ്റ്റ്യൻ ചെറുശ്ശേരി.

"നിങ്ങൾ ലോകമെങ്ങും പോയി സകല ജാതികളോടും സുവിശേഷം പ്രസംഗിപ്പിൻ. ഞാവായുടേയും പുത്രന്റെയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ അവരെ മാമ്മോദീസാ മുക്കുകയും ചെയ്യുവിൻ."

ഉദ്ദേശം രണ്ടായിരം വർഷങ്ങൾക്കുമുൻപ് ശ്രീയേശു നാഥൻ സ്വ ശിഷ്യ ഗണത്തിനും, അവർ വഴി തന്റെ തിരുസ്സഭയ്ക്കും നൽകിയ ഈ ദിവ്യ സന്ദേശം അവർ ഏറ്റം വിശ്വസ്തതയോടെ ഏതാവൽപര്യന്തം നിർവഹിച്ചുപോന്നു. ലോകാവസാനം വരെ ഇനി അതു തുടർന്നു കൊണ്ടു പോവുകയുംചെയ്യും. മനുഷ്യഗണത്തെ നാശഗർത്തത്തിൽ നിന്നും സമുദ്ധരിക്കാനാണ് ദിവ്യരക്ഷകൻ സ്വർഗ്ഗസ്ഥനായതന്റെ പിതാവിനാൽ നിയുക്തനായതു്. തന്നാൽ സമാരബ്ധമായജോലി തുടർന്നുകൊണ്ടു പോകേണ്ട ചുമതല, മേലുദ്ധരിച്ച വാക്യശകലങ്ങൾകൊണ്ടു് ദിവ്യരക്ഷകൻ തന്റെസഭയിൽനിക്ഷേപിച്ചു. അതിനാൽ പിശാചിന്റെ നീച ദാസ്യത്തിൽനിന്നു് മനുഷ്യാത്മാക്കളെ വീണ്ടെടുക്കുകയും അവരെ വിശുദ്ധരും തദ്വാരാ ദൈവത്തിന്റെ സ്നേഹഭാജനങ്ങളും ആക്കിത്തീർക്കുകയും ചെയ്യുക എന്നതു് തിരുസ്സഭയുടെ സർവപ്രധാനമായ ഒരു ചുമതലയായിത്തീർന്നു. ഈ കൃത്യം അവസാനം ലോകാവസാനം വരെ തുടർന്നു കൊണ്ടുപോകേണ്ടതായും ഇരിക്കുന്നു. ഇക്കാര്യസാദ്ധ്യാർത്ഥം അവൾ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിവിധങ്ങളാണെങ്കിലും സർവപ്രധാനമായവ രണ്ടാണു്. തിരുസഭാസ്ഥാപകനും അവളുടെ ദിവ്യനാഥനുമായ ശ്രീയേശുക്രിസ്തുവിന്റെ ആജ്ഞാനുസരണം അവൾ നിത്യരക്ഷയുടെ സുവിശേഷം ലോകത്തിലെ എല്ലാജാതികളോടും പ്രസംഗിക്കുന്നു. ഇതാണു് ഒന്നാമത്തെ മാർഗ്ഗം; ഇതിനു "Apostolate of word" പ്രസംഗം മൂലമുള്ള വേദപ്രചാരം എന്നുപറയുന്നു.

എന്നാൽ പാപിയെ മാനസാന്തരപ്പെടുത്തുന്നതിനു സുവിശേഷപ്രസംഗം മാത്രം പോരാ; ആന്തരികമായ പ്രകാശനവും, പ്രസാദവരത്തിന്റെ പ്രചോദനവും ഉണ്ടെങ്കിൽ മാത്രമേ പാപി മനസ്സുതിരിയുകയുള്ളൂ. പ്രസ്തുത പ്രകാശനവും പ്രസാദവരവും ലഭിക്കുന്നതു് നിരന്തരവും തീഷ്ണവുമായ പ്രാർത്ഥന മൂലമാണു്. അതിനാൽ തിരുസ്സഭ സുവിശേഷപ്രസംഗ

* സെൻറ് ബർക്കുമൻസ് ഹൈസ്ക്കൂളിലേ ജപപ്പോസ്തോല സഖ്യത്തിന്റെയും സൊഡാലിറ്റിയുടെയും ഏകോപിച്ചുള്ള ഒരു സാധാരണ യോഗത്തിൽ ചെയ്ത പ്രസംഗം.

ത്തോട്ട കൂടി പ്രാർത്ഥനയും സംഘടിപ്പിച്ചിരിക്കുന്നു. വേദപ്രചരണാർത്ഥമുള്ളപ്രാർത്ഥനയാണു് അഥവാ പ്രാർത്ഥന മൂലമുള്ള വേദപ്രചരണമാണു് "Apostolate of prayer" ജപാപ്പോസ്തലത്വം എന്നു സംജ്ഞയാൽ അറിയപ്പെട്ടുന്നതു്: ഇതു തന്നെയാണു് രണ്ടാമത്തെ മാർഗ്ഗവും.

ഈ കൃത്യത്തിൽ തിരുസ്സഭ തന്റെ ദിവ്യസ്ഥാപകനെ അനുകരിക്കുന്നു എന്നു മാത്രമേയുള്ളൂ. ശ്രീയേശുനാഥൻ നസ്രത്തിലെ തന്റെ രഹസ്യജീവിതത്തിൽ ജപാപ്പോസ്തലത്വം മാത്രമേസ്വീകരിച്ചുള്ളൂ. പരസ്യജീവിതം ആരംഭിച്ചതോടെ പ്രസംഗത്തോട്ടുകൂടി പ്രാർത്ഥനയും യോജിപ്പിച്ചു. അവിടുന്നു പകൽസമയം പ്രസംഗവും രാത്രിയിൽ പ്രാർത്ഥനയുമായി കഴിച്ചുകൂട്ടിയിരുന്നു എന്നു സുവിശേഷങ്ങളിൽ നിന്നു സ്പഷ്ടമാകുന്നുണ്ടു്. ദിവ്യരക്ഷകൻ തന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷവും പ്രാർത്ഥനാപരമായിട്ടുള്ള പ്രേഷകത്വമാണു തുടർന്നുകൊണ്ടിരിക്കുന്നതു്. സ്വർഗ്ഗത്തിൽ പിതാവിന്റെ വലത്തുഭാഗത്തുള്ള മഹത്വത്തിൽ വാണരുളുമ്പോഴും, ഭൂമിയിൽ തിരുവോസ്തിയിൽ വസിക്കുമ്പോഴും ജപാപ്പോസ്തോലത്വമാണു് അവിടുന്നു ചെയ്യുന്നതു്.

തിരുസ്സഭ തന്റെ ദിവ്യസ്ഥാപകനെ അനുകരിച്ചു് ആരംഭകാലം മുതൽ പ്രേഷിതവൃത്തിയുടെ അവശ്യഘടകങ്ങളായി പ്രാർത്ഥനയും പ്രസംഗവും സ്വീകരിച്ചിരുന്നെങ്കിലും ജപാപ്പോസ്തലസഖ്യംഎന്നു പ്രത്യേകസംജ്ഞയോടു കൂടിയ ഒരു സംഘം രൂപവൽക്കരണമായിട്ടു അധികനാളായിട്ടില്ല. ദക്ഷിണഫ്രാൻസിൽ "പൈ" എന്നു പട്ടണത്തിനുസമീപത്തായി 'വാൻസു്' എന്നു ഒരാശ്രമമുണ്ടു്. 1884-ൽ ഇതിന്റെ സുപ്പീരിയർ ഫാദർ ഗൗടലൊവു് എന്നു വന്ദ്യ ദേഹമായിരുന്നു. അദ്ദേഹം അക്കൊല്ലം വി. ശൗര്യാരിന്റെ തിരുനാൾ ഘോഷിച്ച അവസരത്തിൽ യുവ സന്യാസികളോടായി പറഞ്ഞു:-"നിങ്ങളും പ്രേഷിതവൃത്തി ഉടൻ തന്നെ ആരംഭിക്കേണ്ടിയിരിക്കുന്നു. അവിശ്വാസികളുടെ മാനസാന്തരത്തിനായിട്ടും തിരുസ്സഭയുടെ ആവശ്യങ്ങൾക്കായിട്ടും നിങ്ങളും നിങ്ങളുടെ പ്രാർത്ഥനയും പഠനവും ഇതരപ്രവൃത്തികളുമെല്ലാം നിയോഗിക്കണം." അവർ അപ്രകാരം ചെയ്വാൻ തുടങ്ങി. ഇങ്ങനെയാണു് ജപാപ്പോസ്തലസഖ്യം സംജാതമായതു്. അതെ, ഇന്നു് തഴച്ചുവളരുന്ന ലോകത്തിന്റെ അഷ്ടദിക്കുകളിലേയ്ക്കും ശാഖോപശാഖകളും വീശി തൽഛായയിൽ അനേകലക്ഷങ്ങൾക്കു അഭയവും ആശ്വാസവും നൽകുന്ന വൻമരത്തിന്റെ വിത്തിടാൻ ഭാഗ്യം സിദ്ധിച്ചതു് കേവലമൊരു വൈദികരത്നത്തിനാണു്. ലോകത്തിന്റെ ശക്തന്മാരെ ലജ്ജിപ്പിക്കാൻ ബലഹീനരെക്കൊണ്ടു് മഹൽ കൃത്യങ്ങൾ ദൈവം സാധിക്കുന്നു!

അപ്പോസ്തലൻ എന്ന പദത്തിന്റെ അർത്ഥമെന്തെന്നു ഇനി നമുക്കൊന്നുപരിശോധിക്കാം. പ്രേഷിതൻ അഥവാ അയക്കപ്പെട്ടവൻ എന്നാണ് ഈ വാക്കിന്റെ അർത്ഥം. ഏതെങ്കിലും ഒരു കാര്യനിർവ്വഹണത്തിനു് പ്രത്യേകം നിയുക്തരായവരെയാണു് അപ്പോസ്തലർ എന്നു് അഭിസംബോധനം ചെയ്യുന്നതു്. അതിനാൽ ജപാപ്പോസ്തലന്റെ പ്രധാന ജോലി ഈശോയുടെ തിരുഹൃദയത്തിന്റെ പ്രത്യേകോദ്ദേശ്യസാദ്ധ്യത്തിനായി ഈ തിരുഹൃദയത്തോടു യോജിച്ചുകൊണ്ടു പ്രവർത്തിക്കുക എന്നുള്ളതാണു്. ഈശോയുടെ തിരുഹൃദയത്തിന്റെ പ്രത്യേക നിയോഗമാകട്ടെ മനുഷ്യഹൃദയങ്ങളിൽ നിന്നും പിശാചിന്റെ ശക്തിയെ നീക്കിക്കളഞ്ഞു് അവിടെ ദൈവരാജ്യം സ്ഥാപിക്കുകയെന്നതത്രെ. ലോകത്തിൽ പാപത്തിനു പരിഹാരവും തിരുസ്സഭയ്ക്കു വിജയവും ആത്മാക്കൾക്കു രക്ഷയും ഉണ്ടാകണമെന്നുള്ള ദിവ്യകാരുണ്യ ഈശോയുടെ ആഗ്രഹങ്ങളും നിവർത്തിക്കുന്നതിലാണു ദൈവരാജ്യസ്ഥാപനം അടങ്ങിയിരിക്കുന്നതു്.

ദൈവരാജ്യം ലോകത്തിൽ സ്ഥാപിക്കുന്നതിനു് പിതാവായ ദൈവത്താൽ നിയുക്തനായ ഈശോമിശിഹാ തന്നെയാണു് പ്രധാന അപ്പോസ്തലൻ. "ജീവിക്കുന്ന പിതാവു് എന്നെഅയച്ചതുപോലെ ഞാൻ നിങ്ങളെ അയക്കുന്നു." (യോഹ. 20– 21.) ഈ അപ്പോസ്തലനോടു കൂടി ദൈവരാജ്യസ്ഥാപനാർത്ഥം സഹകരിച്ചു പ്രവർത്തിക്കുന്ന അനവധി അപ്പോസ്തലന്മാരെ ഈശോയ്ക്കു പ്രദാനം ചെയ്യണമെന്നുള്ളതാണു് ഈ സഖ്യത്തിന്റെ ഉദ്ദേശ്യം. അതിനാൽ ഈ സഖ്യത്തിന്റെ അംഗങ്ങൾ ഓരോരുത്തരും തങ്ങളെ ദിവ്യരക്ഷകനാൽ നിയുക്തരായ സാക്ഷാൽ അപ്പോസ്തലന്മാരെന്നു ധരിച്ചു് ഏവരും ഒത്തൊരുമിച്ചു പ്രാർത്ഥനയാകുന്ന പ്രേഷിതവൃത്തിയിൽ അതീവ താല്പര്യം പ്രദർശിപ്പിച്ചു്, ഭൂമിയിൽ യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന സഭയ്ക്കുവേണ്ടിയും, പാപികൾക്കും,പാഷണ്ഡികൾക്കും,അവിശ്വാസികൾക്കും ആദിയായവരുടെ മാനസാന്തരത്തിനുവേണ്ടിയും, നീതിമാന്മാരുടെ പുണ്യാഭിവൃദ്ധിക്കും അവസാനത്തോളമുള്ള നിലനിൽപിനുംവേണ്ടിയും ഈശോയുടെ ദിവ്യഹൃദയത്തോടു യോജിച്ചു് അധ്വാനിക്കുകയും സഹിക്കുകയും ചെയ്യുകയാകുന്ന സഖ്യാംഗങ്ങളുടെ പ്രധാന ജോലി.

ഈ സഖ്യത്തെ പാപ്പാമാർ എല്ലാവരും തന്നെ വിശേഷ വിധിയായി അനുഗ്രഹിച്ചിട്ടുണ്ടു്. എല്ലാ മിഷനറിമാരും തങ്ങളുടെ പള്ളികളിൽ ഈ ഭക്തസഖ്യം സ്ഥാപിക്കുകയോ സ്ഥാപിതമായിട്ടുള്ള സൊഡാലിറ്റിയോടു സംഘടിപ്പിക്കുകയോ ചെയ്യണമെന്നുള്ള അവരുടെ അതീവാഗ്രഹം പ്രകാശിപ്പിച്ചു കഴിഞ്ഞിട്ടുമുണ്ടു്. ഇങ്ങനെ പ്രവർത്തിക്കുന്നതുകൊണ്ടു സൊഡാലിറ്റിക്കു യാതൊരു നഷ്ടവും വരാനില്ല; പ്രത്യുത ഒരു നവജീവൻ സം

സിദ്ധമാവുകയാണു് ചെയ്യുന്നതു്. നിയമങ്ങൾക്കോ പേരിനോ ഉദ്ദേശ്യത്തിനോ യാതൊരു വ്യതിയാനവും വരുത്താതെ തന്നെ പ്രേഷിതാസക്തിയും ദൈവസ്നേഹതല്പരതയും ഇതു മൂലം കൈവരുത്തുകയും ചെയ്യാം.

സംഘടനയോടുകൂടിയ ഈദൃശ ക്രൈസ്തവ പ്രവർത്തനങ്ങളാണു് ലോകത്തിനു് ഇന്നു് അവശ്യംആവശ്യമായിരിക്കുന്നതു്. ഇതുകൊണ്ടുമാത്രമേവ്യക്തികളും, കുടുംബങ്ങളും, സമുദായങ്ങളും, രാജ്യങ്ങളും ഉൽഗതി പ്രാപിക്കുകയുള്ളു. ഈദൃശമായ ആദർശങ്ങളെ ബാലഹൃദയങ്ങളിൽ ബീജാവാപംചെയ്യേണ്ടതു് രക്ഷകർത്താക്കളുടെയും വിശിഷ്യാ, ഗുരുക്കന്മാരുടെയും കർത്തവ്യമത്രെ. ഇതിനുള്ള രംഗം കുടുംബവും സ്കൂളുമാണെന്നതിനു സംശയമില്ല.

ഈദൃശസംരഭങ്ങളിൽ ചേരുന്നതിനു നമുക്കു പ്രോത്സാഹജനകമായിത്തീരേണ്ടതു് അവയിൽനിന്നു നമുക്കും മറ്റുള്ളവർക്കും ഉണ്ടാകുന്ന ഉപകാരമാണു്. ആത്മാക്കളുടെ രക്ഷയാണു് അവ പ്രദാനംചെയ്യുന്നതു്. ആത്മാവിന്റെ അനർഘതയെ ശരിയായി മനസ്സിലാക്കിയെങ്കിൽ മാത്രമേ അതിനെ രക്ഷിക്കാൻ നമ്മാലാവതു നാം ചെയ്യുകയുള്ളു. ലോകത്തിലുള്ള ധനമെല്ലാം കൊടുക്കാമെന്നു വച്ചാൽത്തന്നെയും ഒരു മനുഷ്യാത്മാവിനെ വിലയ്ക്കുവാങ്ങാൻ സാധിക്കുന്നതല്ല. ദൈവപുത്രന്റെ രക്തത്തുള്ളികളാകുന്ന രത്നങ്ങളാം ലോഭംകൂടാതെ വാരിക്കോരിക്കൊടുത്തതിന്റെ ഫലമായിട്ടുമാത്രമേ മനുഷ്യാത്മാക്കളെ വാങ്ങാൻ സാധിച്ചിട്ടുള്ളു. ഇത്ര അനർഘമായ ഒരു രത്നത്തെയത്രെ നാം—അതേ ജപമാലപ്രോസ്സലസ്യരംഗങ്ങളായ നാം—നമ്മുടെ പ്രാർത്ഥനകൊണ്ടു വാങ്ങുന്നതു്. ഈ കാര്യത്തിൽ പ്രാർത്ഥനയുടെ ശക്തി അതുല്യമത്രെ. മറ്റൊന്നുകൊണ്ടും ഇത്രയും ഫലപ്രാപ്തിയുണ്ടാകുന്നതല്ല. ഭൂമിയെ മൂന്നുപ്രാവശ്യം ചുറ്റിവന്ദിക്കാൻമാത്രം ദീർഘയാത്രചെയ്ത വേദപ്രസംഗം നടത്തിയ വി. ശൗല്യർ മാനസാന്തരപ്പെടുത്തിയടത്തോളം തന്റെ പ്രാർത്ഥനയാൽ അവിലാ കന്യകാസ്ത്രീമത്തിന്റെ ഭിത്തികൾക്കുള്ളിൽ വസിച്ചുകൊണ്ടു് വി. അമ്മത്രേസ്യാ മാനസാന്തരപ്പെടുത്തിയെന്നു് ചരിത്രം ഘോഷിക്കുന്നു. അഖിലലോകവന്ദ്യയും ചെറുകുസുമമെന്ന അപരനാമത്താൽ വിശ്വവിഖ്യാതയുമായ വി. കൊച്ചുത്രേസ്യായുടെ പ്രേഷിതവൃത്തിയിലുള്ള വിജയരഹസ്യവും ഇതുതന്നെയായിരുന്നു. ഉദാഹരണങ്ങൾ വേണമെങ്കിൽ ഇനിയും ധാരാളമുണ്ടു്. വിസ്തരഭയത്താൽ അവയെ ഇപ്പോൾ ഉപേക്ഷിക്കുന്നു.

നമ്മുടെ പ്രാർത്ഥന നിഷ്കളങ്കമാണെങ്കിൽ, നിസ്വാർത്ഥമാണെങ്കിൽ, ഹൃദയാന്തർഭാഗത്തുനിന്നും പുറപ്പെടുന്നതാണെങ്കിൽ നമ്മുടെ പ്രവൃത്തിയും അതിനോടു യോജിച്ചതായിരിക്കുമെന്നതിനു സംശയമില്ല. ക

ത്തോലിക്കാമതമാണു് ഏക സത്യമതമെന്നും അതിനെ ആശ്ലേഷിച്ചല്ലാതെ നിത്യരക്ഷ ശക്യമല്ലെന്നും, അതിനാൽ എല്ലാവരും അതിൽ പ്രവേശിക്കണമെന്നുമൊക്കെ നാം പ്രസംഗിക്കുകയും അതേസമയംതന്നെ പ്രസ്തുത പ്രസംഗത്തിനു അനുയോജ്യമല്ലാതെ നാം പ്രവർത്തിക്കുകയും ചെയ്യുന്നെങ്കിൽ, അഥവാ അതിനു അനുയോജ്യമല്ലാത്ത, മാതൃകാപരമല്ലാത്ത ഒരു ജീവിതം നാം നയിക്കുന്നെങ്കിൽ അതിൽപരം വഞ്ചന മറെറന്തുണ്ടു് ? ഇക്കൂട്ടരുടെ പ്രസംഗത്തിനും പ്രവൃത്തിക്കുംതമ്മിൽ എത്രവലിയ അന്തരമാണുള്ളതു്. ഇവർ തങ്ങളെത്തന്നെയും, മറവുള്ളവരെയും, ദൈവത്തെത്തന്നെയും വഞ്ചിക്കുകയത്രെ ചെയ്യുന്നതു്. അതിനാൽ പ്രേഷ്ഠസോദരരെ, ഈ തത്വം നിങ്ങളുടെ യുവഹൃദയങ്ങളിൽ ആഴമായി പതിയട്ടെ. അതു് കരിങ്കൽച്ചിത്രംപോലെ അവിടെ മായാതിരിക്കട്ടെ.

ലോകത്തിലെ ബഹുഭൂരിപക്ഷം ആളുകളും സത്യദൈവത്തെ അറിയാതെയും അറിഞ്ഞവർ യഥാർഹം അവിടുത്തെ സ്നേഹിക്കാതെയും ഇരിക്കുന്നു. അതിരുകവിഞ്ഞ ദേശീയത്വം ഭൗമികവസ്തുക്കളിലുള്ള മിതമറ്റ ആഗ്രഹം എന്നി വിഭ്രാന്തിയിൽപെട്ടു് നിരീശ്വരത്വമാകുന്ന വിനാശഗർത്തത്തിലേയ്ക്കു മനുഷ്യൻ ത്വരിതഗമനം ചെയ്യുന്നു ഇവരെല്ലാവരും രക്ഷപ്പെടേണ്ടവരാണു്. ഓരോരുത്തരും നമ്മുടെ ദിവ്യരക്ഷകനാൽ സ്വരക്തം ചിന്തി വിലകൊടുക്കപ്പെട്ടിട്ടുള്ളവർ തന്നെ. ഈ ക്രൂരരുടെ വിനാശത്തിൽ ഇശോയുടെ ദിവ്യഹൃദയം എത്രയധികം തപിക്കുന്നുണ്ടു്! ദിവ്യരാജപോരുത്തിന്റെ രക്തത്തിനു വിലയില്ലെന്നോ? അവിടുത്തെ അനുയായികൾ എന്നു് മേലാലിങ്ങനെ അഭിമാനിക്കുകയും ചെയ്യുന്ന നാം വേണ്ടയോ നാശഗർത്തത്തിലേക്കു ഉപേക്ഷാശൂന്യരായി പാഞ്ഞോടിക്കൊണ്ടിരിക്കുന്നവരെ പ്രാർത്ഥനയാകുന്ന കടിഞ്ഞാണിട്ടു് മാതൃകാജീവിതമാകുന്ന നിർദ്ദേശങ്ങളും നൽകി പാട്ടിലാക്കി രക്ഷിക്കാൻ. ഇത്തരക്കാർ നിങ്ങളുടെ സഹവാസികളിലും, സമീപസ്ഥരിലും സതീർത്ഥ്യരിലും കണ്ടെന്നു വന്നേക്കാം. ഇവരുടെ മാനസാന്തരത്തിനു വേണ്ടി നിങ്ങളും പ്രാർത്ഥിക്കുകയും മാതൃകാജീവിതം കൊണ്ടുപദേശിക്കുകയും ചെയ്യണം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി അധിവസിക്കുന്ന അനേകലക്ഷം ജനങ്ങളുടെ രക്ഷ നമ്മുടെ തീഷ്ണമായ പ്രാർത്ഥനയേയാണു് ആശ്രയിക്കുന്നതു്. ഇൻഡ്യയുടെ രക്ഷ തൽസന്താനങ്ങളെ ആശ്രയിച്ചാണിരിക്കുന്നതെന്നുള്ള ഭാഗ്യസ്മരണാർഹനായ പരിശുദ്ധപിതാവു് പന്ത്രണ്ടാം പീയോൻ പാപ്പായുടെ സുസ്മരണീയ വാക്കുകളും നമ്മുടെകണ്ണുകളിൽ സദാ മായാതെനിലനിൽക്കട്ടെ. ഭാരതവർഷത്തിന്റെ, അല്ല ലോകത്തിന്റെ മാനസാന്തരം സാധിക്കേണ്ടതും അതിനായി ഭഗീരഥപ്രയത്നം ചെയ്യേണ്ടതും

നാം ഓരോരുത്തരുടേയും അനുപേക്ഷണീയ കർത്തവ്യമാമെന്നുള്ള വിചാരത്താൽ പ്രചോദിതരായി, പ്രേരിതരായി നിങ്ങളാം, വിശ്വാസമാകുന്ന പടച്ചട്ടയും, പാപമാകുന്ന ഉഷ്ണിഷവും പ്രയത്നമാകുന്ന ഖഡ്ഗവും ധരിച്ചു സമരസന്നാഹം കൂട്ടുന്ന, തയ്യാറെടുക്കുന്ന, നിങ്ങളാം നിങ്ങളുടെ ആനുഷംഗിക കൃത്യങ്ങളാം എല്ലാം ആത്മരക്ഷയ്ക്കും ആത്മാവുകളുടെ രക്ഷയ്ക്കുമായി സർവ്വശക്തിയോടും മഹാമനഃശക്തയോടുംകൂടി നിയോഗിക്കുവിൻ. നിങ്ങളുടെ സന്മാതൃക വീട്ടിലും നാട്ടിലും, ക്ലാസ്സിലും കളിസ്ഥലത്തും എന്നുവേണ്ടാ സർവത്ര ഗിരിദീപസമാനം പ്രകാശിക്കട്ടെ. നിങ്ങളാം ലോകത്തിന്റെ ഉപ്പും പ്രകാശവുമായിത്തീരട്ടെ.

കർത്താവിനുവേണ്ടിയും അവിടുത്തെ രാജ്യം പരത്തുന്നതിനുവേണ്ടിയും വേല ചെയ്യുന്നതു് ഒരു വലിയ ലാഭമായി നാം കരുതണം. "നിങ്ങളാം ആദ്യമായി ദൈവരാജ്യത്തെയും അവിടുത്തെ നീതിയേയും അന്വേഷിപ്പിൻ, മറ്റുള്ളവയെല്ലാം നിങ്ങളോടു ചേർത്തുകൊള്ളും. വിശുദ്ധന്മാർ ഈ സിദ്ധാന്തം അനുസരിച്ചു പ്രവർത്തിച്ചു. ഏതുഫലമായി അവരുടെ പരിശുദ്ധനാമങ്ങളാം ഇഹത്തിലും പരത്തിലും ഒരുപോലെ പ്രകീർത്തിതമായിരിക്കുന്നു. ചിതലിനു് ആഹാരവും മോഷ്ടാക്കൾക്കു് തട്ടിക്കൊണ്ടുപോകാവുന്നതുമായ ധനമല്ല, നശ്വരമായവയല്ല; പ്രത്യുത, അനശ്വരമായവയത്രെ നാം കാംക്ഷിക്കേണ്ടതു്. അനശ്വരമായ സമ്പാദ്യമത്രെ ആത്മരക്ഷ. ഇതിനായി നമുക്കു അഹമഹമികയാപ്രയത്നിക്കാം. "എന്നെ ശക്തിപ്പെടുത്തുന്നവനിൽ എനിക്കെല്ലാം സാധിക്കും" എന്ന വി. പൗലോസിന്റെ വാക്കുകളിൽ വിശ്വസിച്ചുകൊണ്ടു നമുക്കു പ്രവർത്തിക്കാം. നന്മനസ്സുള്ളവരെ ദൈവം അനുഗ്രഹിക്കുന്നു. വൈദികരും അൽമായരും ഒത്തൊരുമിച്ചു കൈയ്യോടു കൈചേർത്തു ആത്മാക്കളുടെ രക്ഷാർത്ഥം പ്രയത്നിക്കാം. അൽമായരുടെ സഹായസഹകരണം കൂടാതെ വേദപ്രചാരം സുസാധ്യമല്ല എല്ലാവരും ഒത്തൊരുമിച്ചു ഇക്കാര്യത്തിൽ പ്രവർത്തിക്കേണ്ട ഒരു കാലഘട്ടമാണിതു്. അൽമായക്കാണു് ഇതരമതക്കാരെ കണ്ടുമുട്ടുന്നതിനുമറ്റും അധികം സൗകര്യമുള്ളതു്. ഇതരും സൗകര്യം വൈദികർക്കു ലഭിക്കുകയില്ലെന്നുള്ളതു് തീർച്ചതന്നെ. അതിനാൽ നമുക്കു ലഭിക്കുന്ന ശുഭാസവരങ്ങളെ നഷ്ടപ്പെടുത്താതിരിപ്പാൻ നാം ശ്രദ്ധിക്കണം. ഒരിക്കൽ ലഭിക്കുന്ന അവസരത്തെ നാം നഷ്ടപ്പെടുത്തുന്നെങ്കിൽ അതു് എന്നേക്കുമായി നഷ്ടപ്പെടുന്നു. നമുക്കുണ്ടായിട്ടുള്ള അപജയങ്ങളെല്ലാംതന്നെ, ലഭിച്ച അവസരങ്ങളെ നഷ്ടപ്പെടുത്തിയതിന്റെ ഫലമായിട്ടാണെന്നു് നിഷ്പ്രയാസം ഗ്രഹിക്കാൻ കഴിയും. അതിനാൽ ദൈവം നമുക്കു് ഇപ്പോൾ തന്നിരിക്കുന്ന വിലയേറിയ സമയത്തെ ആത്മാക്കളുടെ രക്ഷയ്ക്കായി വിനിയോഗിക്കാം. ഇതിനു് അനുപേക്ഷണീയമായ ഒരുപകരണം പ്രാർത്ഥനയാണെ

ന്നു് ഞാൻ പ്രസ്താവിച്ചുകഴിഞ്ഞല്ലൊ. തനിച്ചു സാധിക്കാത്തവ മറ്റുള്ള വരുടെ സഹായത്തോടുകൂടി സാധിക്കാം. ഛിന്നഭിന്നമായിക്കിടക്കുന്ന ശക്തികളെ ഏകീകരിക്കുമ്പോൾ അതു് അജയ്യമായിത്തീരുന്നു. ഇങ്ങനെയുള്ള ഒരു ശക്തിയാണു് ജപമാലസഖ്യത്തിനുള്ളതു്. അതിനാൽ ഈ ലേഖനം വായിക്കുന്നവരിൽ ആരെങ്കിലും ഈ സഖ്യത്തിൽ ചേർന്നിട്ടില്ലെങ്കിൽ ഉടൻ ചേരണമെന്നു് എനിക്കു് ഒരപേക്ഷയുണ്ടു്. ഇങ്ങനെ നമുക്കു

"മുട്ടുവിൻ വാതിൽ തുറക്കുമെന്നാങ്ങുന്ന
പട്ടാങ്ങയായ് പൊന്നതോർത്തുകൊണ്ടും"

ശ്രീയേശുനാഥന്റെ രാജ്യം മനുഷ്യഹൃത്തുക്കളിൽ സംസ്ഥാപിതമാകട്ടെ എന്നു് ഉള്ളുഴിഞ്ഞു പ്രാർത്ഥിക്കാം.

ഇക്കാഴ്ചകളിൽ മുന്നിട്ടു പ്രവർത്തിക്കേണ്ടവർ പൊടിയും മുണയുമുള്ള യുവാക്കന്മാരാണു്. കാരണം ഇന്നത്തെ യുവാക്കന്മാരണല്ലൊ നാളത്തെ പൗരന്മാർ. നിങ്ങൾ നിങ്ങളുടെ വിദ്യാർത്ഥിജീവിതം കഴിഞ്ഞു ഓരോ ജീവിതവൃത്തിയിൽ പ്രവേശിക്കേണ്ടവരാണു്. ഒരുപക്ഷെ പലരും സ്വദേശത്തും വിദേശത്തും മിഷൻവേലക്കായി ഇറങ്ങിപുറപ്പെടാനുള്ള ഉത്തമവൈദികരാകേണ്ടവരായിരിക്കാം. നിങ്ങൾ ഏതൊരു ജീവിതതുറയിൽ പ്രവേശിച്ചാലും ശരി ദൈവരാജ്യം പരത്തുക എന്നുള്ളതു് നിങ്ങളുടെ ഒരു പ്രധാന ചുമതലയായി നിങ്ങൾ പരിഗണിക്കണം. മലബാറിന്റെ വിവിധഭാഗങ്ങളിൽ നിവസിക്കുന്നവരായ നിങ്ങൾവേണം നിങ്ങളുടെ ഏടവകകളിൽ ഈടുശകത്തോലിക്കപ്രവർത്തനങ്ങൾ ഏറ്റെടുത്തി മറ്റുള്ളവർക്കു് മാർഗ്ഗദർശികളായി തീരേണ്ടവർ. ബാലികാബാലന്മാർ, പുതുക്രൈ

" LITTLE OFFICE OF THE IMMACULATE CONCEPTION "

For the use of Sodalists

Price ch. 2 per copy.

ക്രൂടാതെ സൊഡാലിറ്റി അംഗങ്ങൾക്കു് കൊടുക്കുന്നതിനുള്ള ഡിപ്പോമാകം മലയാളത്തിലും ഇംഗ്ലീഷിലും നല്ല ആർട്ടുപേപ്പറിൽ ഭംഗിയായി അടിച്ചതു് ഒന്നിനു് ഒരു ചക്രം വിലക്കു് ഈ ഡിപ്പോയിൽ വിൽപാനുണ്ടു്. ക്രൂടുതൽ എടുക്കുന്നവക്കു് പ്രത്യേകനിരക്കിലും കൊടുക്കപ്പെടും.

Apply to:- മദ്ധ്യസ്ഥൻ ബുക്കുഡിപ്പോ,
ചങ്ങനാശേരി.

സ്ത്രീകൾ ആദിയായവർക്കു് വേദോപദേശം നൽകുക, അവർക്കു വേണ്ട ധനസഹായം ചെയ്യുക, കത്തോലിക്കാപുസ്തകങ്ങളും വിതരണം ചെയ്യുക, വായനശാല, ആതുരശാല ആദിയായവ ഉൽഘാടനം ചെയ്യുക എന്നിവയിൽ മുൻപന്മാരായി പ്രവർത്തിക്കാൻ. ഈ വക കാര്യങ്ങളും വേദപ്രചാരത്തെ വേണ്ടവിധത്തിൽ സഹായിക്കുന്നവയാണു്. ഏതൊരു കാര്യത്തിനായി ജപമാലസ്സോദരസഖ്യാംഗങ്ങളും പ്രാർത്ഥിക്കുന്നുവോ ആ കാര്യസാദ്ധ്യത്തിനായിത്തന്നെ കത്തോലിക്കാചരമായ പ്രസ്ഥാനങ്ങളിൽ ഏർപ്പെട്ടുപ്രവർത്തിക്കുകകൂടിചെയ്യണം. ഇങ്ങനെ ജപമാലസ്സോദരസഖ്യാംഗങ്ങളായ നിങ്ങളും നിങ്ങൾക്കുതന്നെയും, നിങ്ങളുടെ രക്ഷകർത്താക്കൾക്കും, സ്വകുടുംബത്തിനും, നാട്ടിനും നാട്ടാർക്കും സഭയ്ക്കും സമുദായത്തിനും വിശിഷ്യ നിങ്ങളുടെ Almamater നും അഭിമാനസ്തംഭങ്ങളായിത്തീരട്ടെ. ഈ സെൻറു ബർക്കുമാൻസു് സ്ക്കൂളും ഇതരസ്ക്കൂളുകൾക്കു് ഒരു സജീവമാതൃകയായിത്തീരട്ടെ എന്നുള്ള ഹൃദയംഗമമായ ആശംസയോടുകൂടി വിരമിക്കുന്നു.

ദണ്ഡവിമോചനം.

1 ചോ. ദണ്ഡവിമോചനം എന്താകുന്നു ?

ഉ. ദണ്ഡവിമോചനം എന്നതു്, പലരും തെറ്റിദ്ധരിയ്ക്കുന്നതുപോലെ ചെയ്തുപോയ പാപങ്ങൾക്കുള്ള പൊറുതിയോ, അല്ലെങ്കിൽ പാപംചെയ്യുന്നതിനുള്ള ഒരു അനുമതിയോ അല്ല. പാപത്തിനു പൊറുതി ലഭിച്ചതിനുശേഷമേ ദണ്ഡവിമോചനം ലഭിക്കുന്നതിനു നിവൃത്തിയുള്ളൂ. എന്തുകൊണ്ടെന്നാൽ ദൈവവരപ്രസാദത്തിൽ സ്ഥിതിചെയ്യുന്നവർക്കല്ലാതെ ദണ്ഡവിമോചനം പ്രാപിക്കുന്നതിനു നിവൃത്തിയില്ല.

2 ചോ. എന്നാൽ പിന്നെ എന്താണു് "ദണ്ഡവിമോചന"ത്താൽ മോചിക്കപ്പെടുന്നതു് ?

ഉ. പാപംമൂലം ഉണ്ടായിട്ടുള്ള **കാലത്തിനടുത്ത ശിക്ഷ** യ്ക്കാണു് ദണ്ഡവിമോചനത്താൽ പൊറുതികിട്ടുന്നതു്. 'ദണ്ഡം' എന്നവാക്കിനു് ശിക്ഷയെന്നും അർത്ഥമുണ്ടല്ലോ. ശിക്ഷയിൽനിന്നുള്ളമോചനം എന്നർത്ഥമുള്ള ഈ വാക്കു കേൾക്കുമ്പോൾതന്നെ ഇതിനു തിരുസ്സഭ കല്പിച്ചിരിക്കുന്ന അർത്ഥവും സ്പഷ്ടമാകുന്നുണ്ടു്. ("ദണ്ഡവിമോചനം" എന്ന അർത്ഥത്തിൽ "ദോഷപൊറുതി" എന്ന വാക്കുപയോഗിക്കുന്നതു് അത്രശരിയല്ലെന്നു് അറിഞ്ഞിരിക്കേണ്ടതാണു്.)

3 ചോ. കാലത്തിനടുത്ത ശിക്ഷയെന്നതു് എന്താണു് ?

ഉ. നിത്യശിക്ഷ അല്ലാതെയുള്ള ശിക്ഷയ്ക്കാണു് കാലത്തിനടുത്ത ശിക്ഷ എന്നു പറയുന്നതു്. അതായതു് ഈലോകത്തിലോ പരലോകത്തിലോ നമ്മുടെ പാപത്തിനു പരിഹാരമായി ഏതാനുംകാലത്തേയ്ക്കു് (നിത്യമായിട്ടല്ലാതെ) നാം അനുഭവിക്കേണ്ടിവരുന്ന ശിക്ഷയെ ആണു് കാലത്തിനടുത്ത ശിക്ഷ എന്നു് നാം വിവക്ഷിക്കുന്നതു്.

4 ചോ. പാപത്തിനു മോചനം ലഭിച്ചാൽ പിന്നെ എന്തു ശിക്ഷയാണുള്ളതു് ? അങ്ങിനെയെങ്കിൽ പാപം പൂർണ്ണമായി മോചിക്കപ്പെടുന്നു എന്നുവേണമല്ലോ പറയേണ്ടതു് ?

ഉ. പാപത്തെസംബന്ധിച്ചു് രണ്ടുകാര്യങ്ങൾ ഉണ്ടെന്നു് ഗ്രഹിക്കണം. ഒന്നാമതു്, പാപംമൂലം ദൈവത്തിരുമുമ്പാകെ നാം ചയ്യുന്ന "കുറ്റം" (ആത്മാവിലെ പാപക്കറ.) രണ്ടാമതു്, പാപത്തിനു പാപിചെയ്യേണ്ട "പരിഹാരക്കടം." ഇവരണ്ടും വ്യത്യസ്തകാര്യങ്ങളാണെന്നു് അറിഞ്ഞിരിക്കേണ്ടതത്യാവശ്യമാണു്. ഇതിൽ ആദ്യത്തേതു് പാപമോചനംമൂലം തീർന്നുപോകുന്നു. എന്നാൽ പാപമോചനം ലഭിച്ചു് ആത്മാവിലെ കുറ തീർത്തു മാഞ്ഞുപോയതിനു ശേഷവും "പരിഹാരക്കടം" പാപി വീട്ടേണ്ടതായിത്തന്നെ കിടക്കും.

5 ചോ. അപ്പോൾ പാപസങ്കീർത്തനംമൂലം നമുക്കു ലഭിക്കുന്നതെന്താണു് ?

ഉ. പാപസങ്കീർത്തനംകൊണ്ടു് "കുറ്റത്തിനും" നിത്യശിക്ഷയ്ക്കും പൊരുതി ലഭിക്കുന്നു. എന്നാൽ മനസ്താപത്തിന്റെ ക്ലുപ്തൽകുറവനുസരിച്ചു് കാലത്തിനടുത്ത ശിക്ഷയ്ക്കും കുറവു കിട്ടുന്നതാണു്.

6 ചോ. പാപം മോചിക്കപ്പെട്ടതിന്റെശേഷം കാലത്തിനടുത്ത ശിക്ഷ ശേഷിക്കുന്നുവെന്നുള്ളതിനു് വേദപുസ്തകത്തിൽ വല്ല സാക്ഷ്യങ്ങളുമുണ്ടോ ?

ഉ. ആദത്തിന്റെയും ഹവ്വായുടേയും പാപമോചനം, മോശയുടെ പാപമോചനം, ദാവീദിന്റെ പാപമോചനം, ഇവയുടെശേഷം ദൈവം അവരെ, ശിക്ഷിക്കുന്നതായി വേദപുസ്തകത്തിൽ നാം കാണുന്നില്ലേ ?

7 ചോ. ആകട്ടേ; ഇപ്രകാരം ദണ്ഡവിമോചനം കല്പിക്കുന്നതിനു് സഭയ്ക്കു് അധികാരം ലഭിച്ചിട്ടുണ്ടോ ?

ഉ. നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നുവോ, അവ മോചിക്കപ്പെട്ടും. നിങ്ങൾ ആരുടെ പാപങ്ങൾ പിടിക്കുന്നുവോ അവ പിടിക്കപ്പെട്ടിരിക്കും (യോ. 20—23) നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെടും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെടും. (മത്തായി 16—18) ഈ വാക്കുകൾമൂലം മനുഷ്യന്റെ പരമാനന്ദലബ്ധിക്കു തടസ്സമായിരിക്കുന്ന സമസ്ത പാപങ്ങളും മറ്റെല്ലാ പ്രതിബന്ധങ്ങളും നിവാരണംചെയ്യുന്നതിനു് ക്രിസ്തുതന്റെ സഭയ്ക്കു് അധികാരം കൊടുത്തിട്ടുണ്ടു്.

8 ചോ. ദണ്ഡവിമോചനം പ്രാപിക്കുന്നതിനു് എന്തുചെയ്യണം ?

ഉ. ദണ്ഡവിമോചനം പ്രാപിക്കുന്നതിനു് ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ഒ

ന്നു്, പാപത്തിനു മോചനം ലഭിച്ചു് ദൈവവരപ്രസാദത്തിൽ സ്ഥിതി ചെയ്യണമെന്നുള്ളതാണു്. ക്രടാതെ, ദണ്ഡവിമോചനത്തിനു് സഭ നിശ്ചയിച്ചിരിക്കുന്ന ഭക്തകൃത്യങ്ങൾ (നമസ്ക്കാരം, നൊയമ്പു്, ദാനധർമ്മം, മറവു് ഉപവിപ്രവൃത്തികൾ മുതലായവ) അതേപ്രകാരത്തിൽ ചെയ്യണമെന്നുള്ളതാണു്.

9 ചോ. അപ്പോൾ സഭ ഇപ്രകാരം പരസ്യമായി പ്രഖ്യാപനംചെയ്യുന്ന സൽപ്രവൃത്തിക്കൾക്കല്ലാതെ, നാം സാധാരണചെയ്യുന്ന ഉപവിപ്രവൃത്തികൾ, പരിഹാരകൃത്യങ്ങൾ മുതലായ പുണ്യപ്രവൃത്തികൾക്കും സ്വാഭാവികമായ ദണ്ഡവിമോചനമില്ലയോ?

ഉ. ഉണ്ടു്. നമ്മുടെ എല്ലാ സൽപ്രവൃത്തികൾക്കും സ്വാഭാവികമായ ദണ്ഡവിമോചനം ഉണ്ടു്.

10. ചോ. നമ്മുടെ പ്രവൃത്തികൾക്കു് സ്വാഭാവികമായ ദണ്ഡവിമോചനമുണ്ടെങ്കിൽ സഭയുടെ ദണ്ഡവിമോചനം എന്തിനു്?

ഉ. ഏതെങ്കിലും സൽകൃത്യങ്ങൾക്കു് സഭ ഒരു ദണ്ഡവിമോചനം നൽകുമ്പോൾ ആ പ്രവൃത്തിക്കു് സ്വാഭാവികമായുള്ള യോഗ്യത കഴിഞ്ഞു് ദൈവത്തിങ്കലേക്കു പോകെ കൂട്ടുതൽ യോഗ്യതയും തന്മൂലം കൂട്ടുതൽ ദണ്ഡവിമോചനവും ഉള്ളതായി ഭവിക്കുന്നു. ഇതിനുള്ള അധികാരം സഭയ്ക്കുണ്ടെന്നു പറഞ്ഞുകഴിഞ്ഞല്ലോ.

11. ചോ. ഈ കൂട്ടുതൽ യോഗ്യതയും ഫലവും എവിടെനിന്നും വരുന്നു?

ഉ. മ്ശിഹായുടേയും തന്റെ വിശുദ്ധന്മാരുടേയും യോഗ്യതകളുടെ വിലതീരാത്ത നിക്ഷേപത്തിൽ നിന്നു ദൈവം തന്റെ സഭ വഴിയായി നമ്മുടെ പ്രവൃത്തികൾ കൂട്ടുതൽ യോഗ്യതയും ഫലവും ഉള്ളതാക്കിത്തീർക്കുന്നു.

12 ചോ. "നാല്പതുദിവസത്തെ" അല്ലെങ്കിൽ "നൂറുദിവസത്തെ" ദണ്ഡവിമോചനം എന്നുംമറ്റും പറയുന്നതിന്റെ സാരം എന്താകുന്നു?

ഉ. "നാല്പതുദിവസത്തെ ദണ്ഡവിമോചനം" എന്നുള്ളതിൽനിന്നും അത്രയും ദിവസം ശുദ്ധീകരസ്ഥലത്തിൽ കുറവുചെയ്കകിട്ടും എന്നല്ല നാം മനസ്സിലാക്കേണ്ടതു്. ശുദ്ധീകരസ്ഥലത്തിൽ ദിവസമേ ഇല്ല. നമ്മുടെ പരിഹാരക്കടത്തിന്റെ വ്യാപ്തിയോ, നമ്മുടെ പ്രായശ്ചിത്തകൃത്യങ്ങൾക്കു് ദൈവസന്നിധിയിലുള്ള വില എത്രമാത്രമെന്നോ നമുക്കു് എന്നത്തേപ്പോലെ സഭയ്ക്കും അജ്ഞാതമാണു്. എന്നാൽ സഭ ദണ്ഡവിമോചനത്തിനു് സംഖ്യ കുറിക്കുന്നതിൽനിന്നും അവയുടെ മോചനപ്രാപ്തിയുടെ കൂട്ടുതൽകുറവിനെ താൽത്കാലികമായിട്ടുണ്ടാക്കുന്നതിനുമാത്രമേ ഉപകരിക്കുന്നുള്ളൂ. അവയാൽ പരിഹൃതമാകുന്ന കടം എത്രയെന്നു് നമുക്കു് നിർണ്ണയിക്കുവാൻ നിവൃത്തിയില്ല. അതിനാൽ നൂറുദിവസത്തെ ദണ്ഡവിമോചനം എന്നുപറഞ്ഞാൽ, ആദികാലങ്ങളിൽ പാപപരിഹാരമായി (പ്രത്യേകിച്ചു് ഗുരുതരങ്ങളായ പാപങ്ങൾക്കു്) സഭാനിബന്ധനപ്രകാരം അനുഷ്ഠിക്കേണ്ടിയിരുന്ന നൂറുദിവസത്തെ "പരസ്യപ്രായശ്ചിത്തം" (Canonical Penance) കൊണ്ടു് എത്രമാത്രം കാലത്തിനകത്തു ശിക്ഷ മോ

ചിക്കപ്പെട്ടിരുന്നവോ അതുയും ശിക്ഷ നൂറുദിവസത്തെ ദണ്ഡവിമോചനം കൊണ്ടു് മോചിക്കപ്പെടുന്നതിനു്, ഈശോമ്ശിഹായുടെയോഗ്യതകളേക്കുറിച്ചു് സഭ നിയോഗിക്കുന്നു. അതായതു്: ഹനാൻവെള്ളംതൊട്ടു നെറ്റിയിൽ കുരിശുവരയ്ക്കുന്നതിനു് നൂറുദിവസത്തെ ദണ്ഡവിമോചനം സഭ കല്പിക്കുമ്പോൾ, പുരാതനകാലത്തെ സഭാചട്ടം അനുസരിച്ചുള്ള നൂറുദിവസത്തെ പൗരസ്ത്യപ്രായശ്ചിത്തത്തിനു് എത്ര ഫലമുണ്ടായിരുന്നോ, ആഫലംതന്നെ നമ്മുടെ ഈ ലഘുപ്രവൃത്തിക്കും ദൈവതിരുമുമ്പാകെ ഉണ്ടാകുമെന്നാണു് അതിന്റെ സാരം.

ഒരു ആശ്രമം.

ഉദയപർവ്വതപ്രാകാരത്തെ അഭിവാദനം ചെയ്ത പൂർവ്വചക്രവാളത്തെ അതിലംഘിച്ചു ബാലാർക്കബിംബം, വ്യോമകടാഹവൃത്തത്തിൽ ഏകഛത്രാധിപത്യം വഹിച്ചിരുന്ന അന്ധകാരരാക്ഷസിയെ ഗഹ്വരങ്ങളിലേയ്ക്കു നിഷ്കരുണം നിഷ്കാസനം ചെയ്തു. വിസ്മരങ്ങളായി ബന്ധുകബന്ധുരങ്ങളായകാഞ്ചനകിരണകന്ദളങ്ങൾ ഇക്ഷിതീവക്ഷസ്സിൽ ഉജ്ജൃംഭിച്ചു നിലകൊള്ളുന്ന ഹിമാലയമഹാഗിരിയുടെ തുംഗകളായ ശൃംഗപരമ്പരകളിലും, ആപ്രകൃതീകവാടത്തെ ശിരോഭൂഷണം ചെയ്തു; പരസഹസ്രം സംവത്സരവാസം ചെയ്യുന്ന അദ്ഭുതഭ്രേകളായ ഹിമസംഹതികളിലും പ്രതിബിംബിച്ചു സർവ്വരും ജാജ്വല്യമാനമാക്കിത്തീർക്കുന്നു. ദിവാകരപ്രഭയുടെ സ്നേഹമസൃണമായ പ്രേമപുംബന്ധങ്ങളേറ്റു നിദ്രാദേവിയുടെ സുഖസേവയിൽനിന്നും വിരമിതരായ നീഡജജാലങ്ങളും, മഹിഷവൃഷഭതുഷാരപാദുകളും, തങ്ങളുടെ ആനന്ദാർഭടികളാൽ സൃഷ്ടിനാഥന്റെ ഗുണവൈശിഷ്ട്യങ്ങളെ കീർത്തിക്കുന്നു. താഴ്വരകളിൽനിന്നും ഉദ്ഭൂതമായി ഗിരിശിഖരങ്ങളിലേയ്ക്കു ഉദ്ഗമനം ചെയ്യുന്ന മന്ദമാരുതപ്രയാണി, അതിവിസ്തൃതമായ ഹിമാലയനിതംബങ്ങളിൽ നിബിഡമായി വളർന്നില്ലുന്ന മഹീരുഹസഞ്ചയങ്ങളേയും, സസ്യലതാദികളെയും, പ്രഭാതാൽപ്രഭൃതിവികസദ്വരങ്ങളായി നില്ലുന്ന സുരഭിലതരങ്ങളായ കുസുമശ്രേണികളെയും സന്ദർശനം ചെയ്തു, അവകളുടെ പരിമളധോരണിയെ തന്റെ അഭീഷ്ടങ്ങളായ കുരുവല്ലജങ്ങളിൽ വഹിച്ചു ശിലോച്ചയോപരിഭാഗങ്ങളിൽ പ്രസരിപ്പിക്കുന്നു.

പർവ്വതപരമ്പരകളുടെ മദ്ധ്യത്തിലായി പരലസിക്കുന്ന ശാദ്വലപ്രദേശങ്ങളിലും, സാനുഭൂമികളിലുംകൂടി അനല്പമായ മർമ്മരശബ്ദത്തോടെ ത്വരിതഗമനം ചെയ്യുന്ന വനഹ്രദിനികളും രജതതന്ത്രിപോലെ പ്രോജ്വലിക്കുന്ന ജലപ്രവാഹത്തിൽ കുമുദിനിവല്ലുകുരുകന്ദളങ്ങളും ഏറ്റു, ഭിന്നഭിന്ന

ങ്ങളായ സപ്തസപ്തിവർണ്ണങ്ങളും കൈക്കൊണ്ടു ദീപ്യമാനമായിത്തീരുന്നു. ഇതിനിടയിൽ നീരന്ധ്രിയായ സമഭൂമികളെ ആവരണം ചെയ്തിരുന്ന തുഷാരസഞ്ചയങ്ങളും തപ്തകിരണനിരോധനയാൽ അസ്വസ്ഥചിത്തരായി, ബലരഹിതരായി, ലഘുശരീരരായി, ആസ്ഥാനബഹിഷ്കൃതരായി, തുലശേഖരശ്രേണികളും സമാനം, നഭോമണ്ഡലത്തിൽ ആരോഹണം ചെയ്തു, ബാഹ്യഭാവവേഷങ്ങളും സ്വീകരിച്ചു അന്തരീക്ഷത്തെ അലങ്കരിക്കുന്നു.

ഈവിധ ധവളപരവതാനിയുടെ കളിർമായയിൽ പാശ്ചാത്യപൗരന്മാരുടെ ധനാജ്ജനകൗതുകത്താൽ ഉദ്ഭൂതമായിട്ടുള്ള അതിവിസ്തീർണ്ണമായ തേയിലത്തോട്ടങ്ങളും ലക്ഷോപലക്ഷം ഛത്രാകൃതതേയിലച്ചെടികളാൽ നേത്രാഭിരാമമായി പരിലസിക്കുന്നു. ഈ തോട്ടങ്ങളുടെ മദ്ധ്യത്തിലായി നിലകൊള്ളുന്ന കരകൗശലശാലകളും യന്ത്രതന്ത്രസ്ഥാപനങ്ങളും, പാശ്ചാത്യവസതികളും, രമ്യഹർമ്മ്യങ്ങളും, നിമ്നോന്നതങ്ങളായ സാനുപ്രദേശങ്ങളെ അന്യോന്യം ഘടിപ്പിക്കുന്ന ലൂതാതന്തു സമാനവീഥികളും, ഏകപടീമാർഗ്ഗങ്ങളും, സ്വദേശീയാധ്വാനസംഘത്തിന്റെ തുണാപ്ഛാദനഗേഹങ്ങളും പ്രഭാതകിരണങ്ങളിൽ പരിശോഭിക്കുന്ന കാഴ്ച ഏതൊരു മാനുഷഹൃദയത്തെയാണു് സന്തോഷസാഗരത്തിൽ ആറാടിക്കളിപ്പിക്കാത്തതു്.

എന്നാൽ ഇവയെ എല്ലാം അതിലംഘിക്കുന്ന ഒരു സ്ഥാപനം ജാതിമതവർണ്ണഭേദമെന്യേ, സകലരുടെയും ഹൃദയങ്ങളെ ഹഠാദാകർഷിച്ചുകൊണ്ടും, അനേകായിരം ജനങ്ങളുടെ അത്ഭുതാതിശയ വികാരങ്ങൾക്കു് വിഷയമായിക്കൊണ്ടും, അത്യുന്നതമായ ഹിമാലയൻ പർവ്വതനിരകളുടെ നിതംബഭൂഷണസമാനം സമുജ്ജ്വലിയായി വളർന്നു നില്ക്കുന്ന കക്ഷിതിരുഹാല്യന്തരാളത്തിൽ അംബുജബന്ധുബിംബചുംബനമേറ്റു പ്രശാന്തരമണീയമായി അക്ഷിക്ക് ലക്ഷീഭവിക്കുന്നു. കാന്താരമദ്ധ്യത്തിൽ സർവ്വാതിശയിയായ ഔന്നത്യത്തോടും, ഔജ്ജ്വല്യത്തോടുംകൂടി പരിസരവസതികളോടു നിരുപമമാംവണ്ണം വിയന്മാർഗ്ഗത്തെ അതിലംഘിച്ചു നില്ക്കുന്ന കേർസിയോങ്ങിലേ സെൻറ് മേരിസ് എന്ന ഈ കമനീയാശ്രമത്തിന്റെ ആകൃതിയും പ്രകൃതിയും എന്തെന്നും അതിലെ അധിവാസികൾ ആരെന്നും നമുക്കു അല്പമൊന്നു ആരായുകതന്നെ.

വൃക്ഷങ്ങളാലും സസ്യലതാദികളാലും സർവ്വതഃപരിവൃതമായ ഈ ബ്രഹ്മാണ്ഡവസതി രുധിരവർണ്ണലേപനം ചെയ്ത നാഗപ്പലകകളാൽ ആവരണം ചെയ്യപ്പെട്ട മുന്നൂററുപതു അടി നീളത്തോളം കിഴക്കുപടിഞ്ഞാറായി അതിവിസ്തീർണ്ണം സ്ഥിതികൊള്ളുന്നതുമല്ലാതെ ഈ പ്രധാനകെട്ടിടത്തിന്റെ വാമഭാഗത്തോടുചേർന്നാലു ഉയർന്ന എട്ടുപുകളും, ദക്ഷിണപാർശ്വത്തിൽ മൂന്നു മനോഹരമേടകളും മദ്ധ്യത്തിൽ അതിമനോഹരമായി പണികഴിച്ചിട്ടുള്ള ഒരു ഗോപുരവും ഇവയുടെ എല്ലാം അഗ്രാസനാധിപതി എ

ന്നോണം ദിവ്യരക്ഷാനാഥന്റെ മനുഷ്യരക്ഷോപകരണമായ തിരുക്കുരിശ്ശു ഗംഭീരമായി നിലകൊള്ളുന്നു. മൂന്നുനിലയിൽ പണിയുതീർത്തിട്ടുള്ള ഈ മഹോന്നതഗേഹത്തിൽ ഏതദ്വാസികളുടെ ഉപയോഗാർത്ഥം നൂറൻപതിൽപരം ചെറുമുറികളും, സമ്മേളനങ്ങൾക്കായി വിശാലമണ്ഡപങ്ങളും, അദ്ധ്യയനാർത്ഥം ഗ്രന്ഥപരനശാലകളും ഭോജനത്തിനായി അതിവിസ്തീർണ്ണമായ ഭക്ഷണശാലകളും, പാചകമുറികളും ഭക്ഷ്യകൃത്യങ്ങൾക്കായി അതിരമണീയമായ പ്രാർത്ഥനാമണ്ഡപവും ദൃഷ്ടിഗോചരമാണു്. കെട്ടിടത്തിനു ചുറുംനേത്രാനന്ദകരമായ പൂങ്കാവനത്തിൽ കൃത്രിമഭംഗിയോടെ വിചിത്രാകൃതിയിൽ നട്ടുപിടിപ്പിച്ചിട്ടുള്ള പൂച്ചെടികളും സുഗന്ധപരിമളംവീശുന്ന കുസുമമധുരണികളാൽ നയനാഭിരാമങ്ങളായിത്തീർന്നിരിക്കുന്നു. ഉത്തരഭാഗത്തുള്ള ഉദ്യാനത്തിന്റെ മദ്ധ്യത്തിൽ മനുഷ്യനിർമ്മിതമായ ഒരു ചെറുവാപിയും അതിൽ വീശേഷതരത്തിലുള്ള നിണവർണ്ണമത്സ്യങ്ങളും കാണപ്പെടുന്നതുമല്ലാതെ വാപീകേന്ദ്രത്തിലുള്ള നിർഝരങ്ങളിൽനിന്നും ശക്തിയോടെ സേചനംചെയ്യുന്ന ജലധാര അംബരമദ്ധ്യത്തിൽ ഉയർന്ന ചെറുചെറുനിന്ദുക്കളായിചകർന്ന അരുണകിരണങ്ങളാൽ ബഹുവിധവർണ്ണംകൊണ്ടു സുഷ്ടതരങ്ങളാകുന്നു.

ഈ ഉദ്യാനവരസ്സിന്റെ ഉഭയപാർശ്വങ്ങളിലും കളിസ്ഥലങ്ങളും, മുൻഭാഗത്തു വിസ്തീർണ്ണമായി സികതാമയമായ ഒരു പന്തടിസ്ഥലവും കാണാവുന്നതാണു്. സഞ്ചാരസൗകര്യത്തിനായി ഗൃഹത്തിനുചുറും ചെറുവീഥികളും ഉള്ളതുമല്ലാതെ അവയിൽ നിന്നെല്ലാം ശാഖോപശാഖമാർഗ്ഗങ്ങൾ സമീപത്തിലുള്ള തരുച്ഛായ ഭൂമികളെഘടിപ്പിക്കയും ചെയ്യുന്നു. ഗൃഹത്തിന്റെ എതിർഭാഗത്തുള്ള കുന്നിൻപുറത്തു ആശ്രമവസതിയെ അഭിമുഖീകരിച്ചു ഇരുകരങ്ങളും വിരിച്ചു, സർവരേയും തന്നിലേക്കു ആകർഷിച്ചു, ആത്മരൂപവലിപ്പത്തിൽ ശിലാസ്തംഭത്തിന്മേൽ പ്രതിഷ്ഠിതമായിരിക്കുന്ന ശ്രീയേശുപ്രതിമ ഈ സ്ഥാപനത്തിനു സർവ്വതോജിച്ചതെന്നോ പറയേണ്ടതുള്ളൂ.

ഇനിയും നമുക്കു ഗൃഹത്തിനുള്ളിൽ പ്രവേശിച്ചു അതിന്റെ അധിവാസികളുമായി അല്പമൊന്നു പരിചയപ്പെടുകതന്നെ. മണി അഞ്ചര ആയിരിക്കുന്നു. ഗൃഹവാസികളെല്ലാവരും അവരുടെ മുറികളിൽ പ്രവേശിച്ചു പ്രഭാതകൃത്യങ്ങൾ ചെയ്യുന്നതിനാൽ അവരെ അനുഗമിച്ചു നമുക്കും ആ മുറികളിൽ ഒന്നിൽ പ്രവേശിക്കാം. അഹോ, എന്തൊരു മാതൃകാപരമായ കാഴ്ച! ഒരു വിദ്യാർത്ഥിക്കു ആവശ്യമായ പുസ്തകങ്ങളാലും, മേശകസാലയാലും, ശയ്യോപകരണങ്ങളാലും അലംകൃതമായ ആ ചെറുവസതിയിൽ വാനപ്രസ്ഥനെന്നോണം ഒരു ചെറുയുവാവു് ജനനത്രൈശ്യസൂചകമായ മുഖഭാവത്തോടെ പ്രാർത്ഥനാപീഠത്തിൽ ജാനുദ്വയങ്ങളിന്മേൽ അഞ്ജലിബന്ധംചെയ്തു ക്രൂശിതനായ യേശുമിശിഹായുടെ പ്രതിമാസന്നിധിയിൽ

ധ്യാനനിഷ്ഠയിൽ ലയിച്ചിരിക്കുന്നു. അയാളുടെ ദൃഷ്ടി പ്രതിമയിൽ ദൃഢമായി പതിഞ്ഞിരിക്കുന്നു. അയാളുടെ അന്തരംഗത്തിൽ കുടികൊള്ളുന്ന വികാരപരമ്പരകളെ ആരാൽ പരിമാണം ചെയ്യട്ടെ! അവർണ്ണിതമായ അയാളുടെ ആനനകമലത്തിൽ നിബിഡമായി വളർന്നു നില്ക്കുന്ന ശ്മശ്രുപൂരം അയാളുടെ ദൃഷ്ടിയെ ആകർഷണം ആച്ഛാദനം ചെയ്തിരിക്കുന്നതുമല്ലാതെ വക്ഷസ്സടച്ചുന്തി ലംബമാനവുമായിരിക്കുന്നു. കപിശവർണ്ണംകൊണ്ട് അയാളുടെ കേശപാശവും, ശ്വേതരേഖയുള്ള അയാളുടെ ശരീരലാവണ്യവും, ആൾ സ്വദേശിയല്ലെന്നു വേണ്ടത്ര സാക്ഷ്യം നൽകുന്നു. അഹോ! ഈ വിദേശിയൻ എന്തിനായിരിക്കാം ഇവിടെ വന്നിരിക്കുന്നതു്! ഇയാളും തനിയെ ആണോ ഇവിടെ വസിക്കുന്നതു്! അല്ല; ഇനിയും അനേകംപേർ ഉണ്ടുപോലും.

പെട്ടെന്നു വേറൊരു ഘണ്ടാരവം ശ്രവണപുടങ്ങളിൽ വീഴുന്നു. ജാനുപീഠത്തിൽനിന്നും ഇറങ്ങി പ്രാർത്ഥനനിരതൻ ക്രിസ്തുചുംബനം ചെയ്ത മുറിയിൽനിന്നും പുറത്തുവരുന്നു. ഇദ്ദേഹം എങ്ങോട്ടാണു് യാത്ര! ഇതാ ഒരു വലിയ പ്രദക്ഷിണം. ഓരോമുറിയിൽനിന്നും ആപ്രപദം ശ്വേതവസ്ത്രധാരികളോ, മേഘകരേഖാങ്കിതമായ രോമകഞ്ചുകാവൃതരോ ആയ നൂറിൽപരം സന്യാസവര്യന്മാർ പ്രാർത്ഥനപുസ്തകങ്ങളും കരത്തിലേന്തി, സോപാനപരമ്പരകളിൽക്കൂടി അവരോഹണം ചെയ്ത പ്രാർത്ഥനാമണ്ഡപത്തിലേയ്ക്കു നടകൊള്ളുന്നു. അവരിൽ ചിലർ മെവപ്രായക്കാരും, ശുഭ്രവർണ്ണരും, കപിശകേശരും ആണെങ്കിൽ, മറുചിലർ ശ്യാമസ്നിഗ്ധരും, മുണ്ഡശിർഷരും, പലിത ചികുരരും, കാശശൗപനിഭ ശ്മശ്രുപൂരിതരും, അദ്ഭുതശ്രദ്ധാരികളും ആണു്. ഇനിയും ചിലർ സ്വദേശികളും, സീമന്തശിരസ്കരും, മേഘകകബരീവാഹരും ആയി കാണപ്പെട്ടുന്നു. എല്ലാവരും പ്രാർത്ഥനാമണ്ഡപത്തിൽ പ്രവേശിച്ചു, തീർത്ഥജലത്താൽ ഫാലദേശലേപനംചെയ്തു, മണ്ഡപമദ്ധ്യത്തിൽ ജാനുദ്വയങ്ങളിന്മേൽ സാഷ്ടാംഗപ്രണാമം നടത്തി സകാരിനാഥനായ ശ്രീയേശുനാഥനു ആരാധന ചെലുത്തി ദേശവർണ്ണസ്ഥാനഭേദമെന്യേ ആസനങ്ങളെ അലങ്കരിക്കുന്നു.

ആ, അവരിൽ കുടികൊള്ളുന്ന സഹോദരസ്നേഹവും സന്തോഷസമാധാനവും ആരാൽ വർണ്ണിക്കട്ടെ! അതിവിദൂരവും അതിവിസ്തീർണ്ണവുമായ പാസിഫിക്കു് മഹാസമുദ്രംകുടി കടന്നു അമേരിക്കൻ ദേശങ്ങളിൽനിന്നും വന്നിട്ടുള്ള അവദാതവർണ്ണരായ പാശ്ചാത്യയുവാക്കളും ബ്രിട്ടീഷ്ദ്വീപങ്ങളിൽനിന്നും ദീർഘയാത്ര ചെയ്തെത്തിയിട്ടുള്ള ആംഗ്ലേയ ഐറിഷ് പുരുഷോത്തമന്മാരും, നാടുംവിട്ടും ഉപേക്ഷിച്ചു, സർവത്രം സംത്യജിച്ചു ബെൽജിയം, ഫ്രാൻസ്, ഇറാലി, സ്പെയിൻ, ജർമ്മനി, സ്വിറ്റ്സർലണ്ട്, സിസിലി, ആസ്ട്രിയാ എന്നീ യൂറോപ്യൻ രാജ്യങ്ങളിൽനിന്നും വന്നിട്ടുള്ള യുവപ്രസൂനങ്ങളും, ഭാരതത്തിന്റെ നാനാദിശകളിൽനിന്നും സമ്മേളിച്ചിട്ടുള്ള സ്വദേശിയസ്നേഹിക

ളും, ഒരേ മതവിശ്വാസത്തിനു പരതന്ത്രരായി ഒരേ സഭയുടെ അംഗങ്ങളായി ഒരേ ശ്രേഷ്ഠനു ആജ്ഞാവശഗരായി, ഒരേ ഉദ്ദേശ്യത്താൽ പ്രേരിതരായി, ഒരേ സന്യാസവസതിയിലെ സന്താനങ്ങളായി, ഒരേ നിയമത്തിനു വിധേയരായി, ഒരുമിച്ചുപഠിച്ചു, ഒരുമിച്ചു കളിച്ചുല്ലസിച്ചു, ഒരുമിച്ചു സംഭാഷണം ചെയ്തു, ഒരുമിച്ചു ഭക്ഷണംകഴിച്ചു, സഹോദരമൈത്രിയിലും, പരസ്നേഹഭക്തിയിലും ദൈവസ്നേഹവൃത്തിയിലും ജീവിക്കുന്ന കാഴ്ച ഏതൊരു മനുഷ്യഹൃദയത്തെയാണ് ആശ്ചര്യപരതന്ത്രമാക്കാത്തത്! ഇവർ എല്ലാം യേശുപദഭക്തരാണുപോലും! അങ്ങേ പരിപാവനമതത്തെ അനുസരിച്ചു, അങ്ങേ ദൈവികപഠനത്തെ ശിരസാവഹിച്ചു, അതിനനുസരിച്ചു ജീവിച്ചു, സവ്വരേയും, വിശേഷവിധിയായി ഭാരതീയസൗഭാഗ്യമായ സകലരെയും നിത്യസത്യപഥത്തിൽച്ചേർത്തു, ശാശ്വതീയാനന്ദത്തിനു അവകാശികളാക്കിത്തീർക്കുവാൻ ബന്ധുമിത്രാദികളെയും സവ്വവിധ സുഖങ്ങളെയും പരിത്യജിച്ചു, സ്വജീവനെത്തന്നെയും ഭാരതത്തിന്റെ മാനസാന്തരത്തിനായി ബലി കഴിക്കുവാൻ സന്നദ്ധരായി വന്നിട്ടുള്ള യേശുസഭാംഗങ്ങളാണുപോലും ഈ സന്യാസസമൂഹം. ഇവിടെ ഇപ്പോൾ ഇവർ ഒരുമിച്ചു താമസിക്കുന്നതു് ഇവരുടെ ഭാവികൃത്യത്തിനു തങ്ങളെത്തന്നെ യോഗ്യരാക്കുവാൻ, ഹിന്ദുശാസ്ത്രം, സാഹിത്യം, സംഗീതം, ദൈവികശാസ്ത്രം എന്നീ വിവിധതരപഠനങ്ങളിൽ ഏർപ്പെട്ടു ഒടുവിൽ വൈദികരായി, ഭാരതത്തിന്റെ നാനാഭാഗങ്ങളിലേക്കു പ്രേഷണാത്ഥം അരയുംതലയും മുറുക്കി പുറപ്പെടുവാനാണുപോലും! ആ, ഇതിൽമഹത്തായ ഒരാദർശം എന്തുള്ളൂ? ഇതിൽ മഹത്തായ ഒരു കൃത്യം ഏതുണ്ടുള്ളതു്! ഇപ്രകാരം ഇറങ്ങി പുറപ്പെട്ടിട്ടുള്ള ഈ പുരുഷോത്തമസംഘം അവരുടെ ഉദ്ദേശ്യത്തിൽ സർവവിധേനയും വിജയികളായി അന്യർക്കു ഒരു മാതൃകയായി അവസാനം ഭാരതത്തെ മുഴുവൻ ശ്രീയേശുനാഥപാദത്തിങ്കൽ ചേർക്കുവാൻ സർവശക്തൻ ഇടയാക്കുമെന്നു നമുക്കു ബലമായി വിശ്വസിക്കുകതന്നെവേണ്ടും, അവരുടെ സഹോദരസ്നേഹവും ഭാരതത്തോടുള്ള അവരുടെ അകൈതവമായ വാത്സല്യവും പ്രശംസനീയവും ആശ്ചര്യാവഹവുമായ അവരുടെ പരിത്യാഗകൃത്യവും വേണ്ടത്ര സാക്ഷ്യം വഹിക്കുന്നില്ലയോ? ഈ കൂട്ടരിൽ കേരളീയരും അംഗങ്ങളായി ഉണ്ടെന്നുള്ളതും അവരിൽ നാലുപേരായ ബ. കോയിൽപ്പറമ്പിൽ ജോസഫ്, പാനികുളങ്ങര തോമ്മസ്, കോയിൽപറമ്പിൽ സിൽവേരിയസ്, പുത്തൻപുരയ്ക്കൽ സക്കറിയാസ് ചാണ്ടി, എന്നിവർ നവംബർ 27-ാംനു കൽക്കത്താ അതിരൂപതയുടെ മെത്രാപ്പോലീത്തായായ അതി വന്ദ്യതിരുമേനി ഫേർഡിനാണ്ടു്, പെരിയെർ, എസ്. ജെ. യുടെ കൈകളിൽ നിന്നും വൈദികപട്ടം സ്വീകരിക്കുമെന്നും ഇത്തരുണത്തിൽ സന്തോഷസമന്വിതം രേഖപ്പെടുത്തിക്കൊള്ളട്ടെ.

തിരുമണിക്കൂർ.

(ഫാദർ. മാത്യു ആലക്കളം).

തിരുമണിക്കൂർഭക്തിയെപ്പറ്റി ഇതിനിടെ നമ്മുടെനാട്ടിൽ മിക്കവരുംതന്നെ കേട്ടുകഴിഞ്ഞിരിക്കുന്നു. രാത്രി ആരാധനവച്ചുരെ പ്രചാരത്തിൽ വന്നിട്ടുമുണ്ട്. എങ്കിലും ഇതേപ്പറ്റി വിവരമായ ഒരു ജ്ഞാനം കിട്ടാത്തവരാണു അധികമാളുകളും. അതിനാലാണു് ഈ വിവരണം എഴുതാമെന്നു് വച്ചതു്.

"തിരുമണിക്കൂർ" എന്നാൽ എന്തു്?

മാസത്തിലൊരിക്കൽ പകൽസമയത്തു് ഒരു മണിക്കൂർനേരം പള്ളിയിൽ വി. സക്രാരിയുടെ മുമ്പാകെ ആരാധനകഴിക്കുന്നവക്കായുള്ള വി. കു. ആരാധനസഖ്യംപോലെതന്നെ, മാസത്തിൽ ഏതെങ്കിലും ഒരു രാത്രി ഒരു മണിക്കൂർനേരം വീടുകളിൽ ഈശോയുടെ തിരുഹൃദയസന്നിധിയിൽമുമ്പാകെ നിന്നുകൊണ്ടു്, അല്ലുപിയിൽ വി. കുർബാനയെ ആരാധിക്കുന്നതിനായുള്ള ഒരു ഭക്തസംഘമാണു് 'തിരുമണിക്കൂർ' അഥവാ 'രാത്രീയാരാധന' "സഖ്യമെന്നുപറയുന്നതു്". മാസത്തിൽഒരുമണിക്കൂർനേരം ആരാധിക്കണമെന്നോനിയമമുള്ളുവെങ്കിലും, ഓരോരുത്തന്റെ മനസ്സുപോലെ ആഴ്ചതോറുമൊ ദിവസംതോറുമൊ ആരാധിച്ചാൽ ഏറ്റവുംനന്നായിരിക്കും. ഈ സഖ്യത്തിന്റെ തലസ്ഥാനം മിലാനിലാണു്. നമുക്കേറ്റവും അടുത്ത ശാഖാസംഘങ്ങൾ സ്ഥാപിച്ചിട്ടുള്ളതു് ബെമ്മായിലും ഗോവയിലുമാണു്. സഭാംഗങ്ങളുടെ പേരുകൾ തലസ്ഥാനത്തെ രജിസ്തരിൽ ചേർക്കേണ്ടതിനായി അവിടേയ്ക്കു് അയച്ചുകൊടുക്കേണ്ടതാണു്. മാറ്റുപ്പാതിരുമനസ്സുകൊണ്ടു് ഈ പുതിയപ്രസ്ഥാനത്തിൽ വളരെസന്തോഷിച്ചു് ഇപ്പോഴും ജീവിച്ചിരിക്കുന്ന ഇതിന്റെ ആരംഭകർത്താവിനു് രണ്ടു തിരുവെഴുത്തുകൾ അയച്ചു് ഈ സദുദ്യമത്തെ പ്രോത്സാഹിപ്പിക്കയും അനുഗ്രഹിക്കയുംചെയ്കയുണ്ടായി. കത്തോലിക്കസഭയിലെ മിക്ക മേലദ്ധ്യക്ഷന്മാരും തങ്ങളുടെ രൂപതകളിൽ ഈ ഭക്തി എത്രയും താല്പര്യത്തോടെ പ്രചരിപ്പിച്ചുവരുന്നു. വീടുകളിൽ തന്നെയല്ല, ദേവാലയങ്ങളിലും രാത്രികാലത്തു മണിയടിച്ചു് ആളുകൂടി ആരാധനനടത്തുന്നപതിവു് സാധാരണയായിത്തീർന്നിരിക്കുന്നു. ചില പള്ളികളിൽ വി. കു. വാഴ്വോടുകൂടിയാണു് തിരുമണിക്കൂർ ആരാധന അവസാനിപ്പിക്കുന്നതു്. എട്ടും പത്തും വീട്ടുകാർ യോജിച്ചു് മുറപ്രകാരം വീടുകൾ മാറിമാറി ആരാധനനടത്തുന്നതും, കപ്പേളകളും കുരിശുകളുമുള്ളിടത്തു് അതിന്റെ അയൽവാസികൾ അവിടെ ഒന്നിച്ചുകൂടി രാത്രീയാരാ

ധനകഴിക്കുന്നതും മുടക്കമില്ല. ഇതു് പരസ്പരപ്രോത്സാഹനത്തിനും നിലനില്പിനുംപറ്റിയ ഒരു മാർഗ്ഗവുമാണല്ലൊ. നാഴികമണിയില്ലാത്തവീട്ടുകാരെഉദ്ദേശിച്ചു് മണിക്കൂർതോറും രാത്രിയിൽ പള്ളിമണിയടിക്കുന്നപതിവു ഗോവയിൽ ചില സ്ഥലങ്ങളിലുണ്ടു്. നമ്മുടെനാട്ടുകാക്കുകൂടി, 'തിരുമണിക്കൂർ' എന്നപുസ്തകം ഉപയോഗിച്ചാൽ, ഘടികാരമില്ലാതെതന്നെ മണിക്കൂർനിർണ്ണയിക്കാൻ സാധിക്കും.

സഖ്യത്തിന്റെഉദ്ദേശം.

ഈശോ സ്വർഗ്ഗത്തിൽവസിക്കുന്നു. അവിടുന്നു് ദിവ്യസക്രാരിയിലും വസിക്കുന്നു. സ്വർഗ്ഗത്തിൽ സ്വർഗ്ഗവാസികൾക്കുവേണ്ടി – ഭൂമിയിൽ ഭൂവാസികൾക്കുവേണ്ടിയും – സ്വർഗ്ഗവാസികൾ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു് നിരന്തരം പാടി കർത്താവിനെ സ്തുതിക്കയും ആരാധിക്കയും സ്നേഹിക്കയും ചെയ്തുകൊണ്ടു് അവരുടെ നന്ദി പ്രദർശിപ്പിക്കുന്നു. അതുകയാൽ ഭൂവാസികളും ഇടവിടാതെ അങ്ങേ സന്നിധിയിൽ വി. കുർബ്ബാനയുടെമുമ്പാകെ സാഷ്ടാംഗംചെയ്തു് അങ്ങയെ ആരാധിപ്പാനും സ്തുതിപ്പാനും സ്നേഹിപ്പാനും ന്യായമായിരിക്കുന്നു. എന്നാൽ ഭൂവാസികളായ നമുക്കു് ശാരീരികാവശ്യങ്ങളുംമറ്റുമുള്ളതുകൊണ്ടു് നിരന്തരം ദേവാലയത്തിൽ അങ്ങേ സന്നിധിയിൽ ആരാധനകഴിപ്പാൻ നിവൃത്തില്ല. എന്നുവരികിലും ഹൃദയംകൊണ്ടും അരൂപിയിലും ഇടവിടാതെ അങ്ങയുടെകൂടെ ആരാധനയിൽ ഇരിപ്പാനും, നമ്മുടെ നടപ്പും എടുപ്പും ശ്വാസോച്ഛ്വാസംപോലും ആരാധനയുടേയും സ്തോത്രത്തിന്റേയും സ്നേഹത്തിന്റേയും പ്രകരണങ്ങളായി സങ്കല്പിച്ചുകൊണ്ടു് ദിവ്യകാരുണ്യഈശോയോടനുരൂപമായി ദിവ്യകാരുണ്യപരമായ ജീവിതം കഴിപ്പാനും പ്രയാസമില്ല. പകലായിരുന്നാലും രാത്രിയായിരുന്നാലും ദേവാലയത്തിൽ പോകുവാൻ സാധിക്കുമ്പോൾ അവിടെയും, സാധിക്കാത്തപ്പോൾ എവിടെയും, ഈശോയെ ആരാധിപ്പാനുള്ളകടമ സ്വർഗ്ഗവാസികളെ അനുകരിച്ചു് ഭൂവാസികളായ നമുക്കും ഉള്ളതാകുന്നു.

ആകയാൽ മാസത്തിൽ ഒരു രാത്രിയെന്നോ, ദിവസത്തിലൊരു മണിക്കൂറെന്നോ ഉള്ള യാതൊരു തരംതിരിവിനും ആവശ്യമില്ലാത്തതാകുന്നു. എങ്കിലും പെസഹാവ്യാഴാഴ്ചരാത്രി ഗദസേമ്മാൻതോട്ടത്തിലും മറ്റും വച്ചു് താൻ അനുഭവിച്ച പീഡകളുടേയും നിന്ദനങ്ങളുടേയും ഓർമ്മയ്ക്കും പരിഹാരത്തിനുമായിട്ടു് വ്യാഴാഴ്ച പാതിരാവിൽ ഉണർന്നിരുന്നു തന്നെ ആശ്വസിപ്പിക്കണമെന്നു് ഈശോയുടെ തിരുഹൃദയം മറിയം അലക്കോക്കു പുണ്യവതിയോടറിയിച്ചതിനെ അടിസ്ഥാനമാക്കി, വ്യാഴാഴ്ച രാത്രി ആരാ

ധനയ്ക്കു കൂടുതൽ താല്പര്യം മിക്കവരിലും കണ്ടുവരുന്നുണ്ട്. ഒരുവിധംപറഞ്ഞാൽ, പകലത്തേക്കാൾ രാത്രിയിലത്തെ ആരാധനയ്ക്കല്ലയോ പ്രാധാന്യം നൽകേണ്ടതു് എന്നുകൂടി സംശയിക്കുന്നു. എന്തുകൊണ്ടെന്നാൽ, അന്ധകാരത്തിന്റെ പ്രേരണയായ പിശാചു് അവന്റെ വേട്ടനടത്തുന്നതും വിളവെടുക്കുന്നതും പകലേക്കാൾ അധികം ഒരുപക്ഷെ രാത്രിയിലായിരിക്കാം. അതിനാൽ ഈശോ കൂടുതൽ സഹതാപം ആവശ്യപ്പെടുന്നതും രാത്രിയിലത്രെ. രാത്ര്യാരാധനമൂലം, ഈശോയെ ആശ്വസിപ്പിക്കുന്നുവെന്നതിനും പുറമെ, അവിശ്വാസികളുടെയും പാപികളുടേയും മാനസാന്തരം, ആപത്തുകളിൽ ആദരവു്, സങ്കടങ്ങളിൽ ആശ്വാസം, കുടുംബങ്ങളിൽ സമാധാനം, ദൈവസ്നേഹവർദ്ധനം മുതലായി ലഭ്യമാകുന്ന ദൈവാനുഗ്രഹങ്ങളും എത്രമാത്രമായിരിക്കുന്നു.

ഉത്ഭവവും വളർച്ചയും.

'കുടുംബപ്രതിഷ്ഠ' എന്ന വിശിഷ്ടഭക്തിയുടെ ആരംഭകനായ മത്തേയൊ എന്ന വന്ദ്യപുരോഹിതൻതന്നെയാണു് 'രാത്ര്യാരാധന' സമ്പ്രദായത്തിന്റെയും പ്രേഷിതൻ. "തിരുഹൃദയത്തിന്റെ കുടുംബങ്ങളും സ്നേഹിതരും" എന്ന തലക്കെട്ടോടുകൂടി ഫ്രൻച്ചു-ൽ അദ്ദേഹം ഒരു ലേഖനം പ്രസിദ്ധപ്പെടുത്തി. നമ്മുടെ വീടുകളുടെ നാഥനും രാജാവുമായ ഈശോയുടെ തിരുഹൃദയം പകലും പ്രത്യേകം രാത്രിയിലും മനുഷ്യരിൽ നിന്നനുഭവിക്കുന്ന അക്രമങ്ങളും നിന്ദകളും പരിഹാരമായി നാമെങ്കിലും രാത്രിസമയത്തു് അല്പം ഉണർന്നിരുന്നു് അങ്ങെ ആശ്വസിപ്പിക്കേണ്ട ആവശ്യമില്ലയോ? എന്നാണു് ആ എഴുത്തിൽ അദ്ദേഹം ചോദിച്ചിരിക്കുന്നതു്. സ്നേഹിതരോടുകൂടിയുള്ള സംഭാഷണത്തിനും, കളിവിനോദങ്ങൾക്കും, രോഗങ്ങൾനിമിത്തവും, പാപവിഷയങ്ങളിൽ ഉൾപ്പെട്ടതെന്നെയും നമ്മുടെ സ്വന്ത ആവശ്യങ്ങളും ഇഷ്ടവുംപ്രമാണിച്ചും എത്ര രാത്രികൾ ഓരോരുത്തർ ഉറക്കിളയ്ക്കുന്നു. നല്ല ഈശോയെപ്രതി മാസത്തിലൊരുരാത്രിയെങ്കിലും—അതും ഒരു മണിക്കൂർമാത്രം—ഉണർന്നിരുന്നു് ഈശോയോടു സഹതപിച്ചു് കരയേണ്ടതിന്റെ ആവശ്യകത ശക്തിമത്തായി അദ്ദേഹം ഉദ്ബോധിപ്പിച്ചു. അദ്ദേഹംവിതച്ചുവിത്തു് എത്തടങ്ങളിൽ ആഴമായി നിപതിച്ചു മുളച്ചു് ദൈവാനുഗ്രഹത്താൽ വിസ്മയനീയമായി വളർന്നു. ഫ്രൻച്ചു-ലും, ഫ്രൻച്ചു-ലും പരിശുദ്ധമാർപ്പാപ്പാ ഏതസംബന്ധമായി അദ്ദേഹത്തിനയച്ച തിരുവെഴുത്തുകളും ദൈവാശീർവാദവർഷം തന്നെയായിരുന്നു. മൂന്നുലക്ഷത്തിൽപരം അംഗങ്ങൾ ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ ഇതിൽ ചേർന്നിരിക്കുന്നതിൽ നിന്നും ഈ ഭക്തിയുടെ മനോഹരതയും ശ്രേഷ്ഠതയും പ്രചാരവും സ്പഷ്ടമാകുന്നുണ്ടു്.

നിബന്ധനകൾ.

1. മിലാനിലുള്ള സഖ്യത്തിന്റെ രജിസ്തരിൽ പേരെഴുതിക്കണം. (ഒരു വീട്ടിൽ ആരാധന കഴിക്കുന്ന പലരുള്ളപ്പോൾ ഓരോരുത്തന്റെ പേരും തിരിച്ചെഴുതണം. ഈ പേരുകൾ 'നിശാരാധനപ്രമോട്ടർ'–പാറേൽപള്ളി–ചങ്ങനാശേരി–എന്നോ അഥവാ മംഗലപുഴസിമ്നാരി–ആലുവാ,എന്നോ ഉള്ള മേൽവിലാസത്തിലയക്കണം.)

2. ആരാധനകഴിക്കുന്ന തീയതിയും മണിക്കൂറും തിരിച്ചെഴുതി അയക്കണം. (മണിക്കൂർ നിശ്ചയിക്കുന്നതു് അധികമാളുകൾക്കു പ്രയാസമാകയാൽ ആ നിബന്ധനയിൽനിന്നും ഒഴിവു കിട്ടുവാനായി എഴുതിയിട്ടുണ്ടു്. കിട്ടിയാൽ വിവരം അറിയിക്കാം)

3. രാത്രി ൧൦ മണിമുതൽ കാലത്തു ൪ മണിവരെയുള്ള സമയമാണു് ആരാധനക്കായി നിർദ്ദേശിച്ചിരിക്കുന്നതു്. എങ്കിലും സന്ധ്യമുതൽ ഉഷസ്സുവരെയുള്ള സമയത്തിനിടക്കു എപ്പോഴെങ്കിലും ആരാധന നടത്താവുന്നതാണു്. ഒരിക്കൽ നിശ്ചയിച്ച മണിക്കൂർ പിന്നെ ഇഷ്ടാനുസരണം മാറുവാൻ പാടില്ല. എന്തെന്നാൽ രാത്രിയിലേ ഓരോ മണിക്കൂറിലും തുടർച്ചയായി ആരാധനക്കാരുണ്ടായിരിക്കണമെന്നുള്ളതു് ഈ സഖ്യത്തിന്റെ മുഖ്യോദ്ദേശമാണു്.

4. സഭാംഗങ്ങൾ തങ്ങളുടെ കൃത്യനിർവഹണത്തിൽ സ്ഥിരതയുള്ളവരായിരിപ്പാൻ വേണ്ടി ആണ്ടിലൊരിക്കൽ തങ്ങളുടെ അപേക്ഷ പുതുക്കി പ്രൊമോട്ടരെ അറിയിക്കേണ്ടതാണു്.

ആത്മീയവരങ്ങൾ

ഈശോയെ ആരാധിക്കയും ആശ്വസിപ്പിക്കയും ചെയ്യുന്നതു് മുഖ്യമായി ഈശോയെപ്രതി എന്നല്ലാതെ ദണ്ഡവിമോചനങ്ങളെ ഉദ്ദേശിച്ചു ആയിക്കൂടാത്തതാണു്. ആരാധന കഴിക്കുന്നതു നിമിത്തം ഒരാൾ സ്നേഹത്തിൽ അടിവുറപ്പിച്ചെടുകയും, ആ സ്നേഹാഗ്നി അയാളുടെ പാപക്കടങ്ങളേയും ദണ്ഡനങ്ങളേയും, വിമോചിക്കയും ചെയ്യുമെന്നുള്ളതു നിശ്ചയമത്രെ. അതിനാൽ സഖ്യത്തിൽ പേരെഴുതിക്കാൻ സൌകര്യപ്പെടാഞ്ഞാലും ആരാധന നടത്തേണ്ടതാണല്ലൊ. എങ്കിലും ഒരു പ്രോത്സാഹനത്തിനുവേണ്ടി താഴെ പറയുന്ന ദ. വിമോചനങ്ങളും രാത്രിആരാധന സഭക്കാർക്കു് കല്പിച്ചു നൽകിയിട്ടുണ്ടു്.

1. സഖ്യത്തിൽ പേരുന്നാദിവസം പൂർണ്ണ ദ. വിമോചനം.
2. നിശ്ചിത ആരാധന കഴിക്കുന്ന ഓരോ ദിവസവും പൂ. ദ. വി.

3. ക്രിസ്തുവിന്റെ രാജത്വതിരുനാൾ (ഒക്ടോബർ അവസാനത്തെ ഞായറാഴ്ച) വി. പ്രാൻസീ. അസ്സീസിയുടെ തിരുനാൾ (ഒക്ടോബർ 4) ഈ ദിവസങ്ങളിൽ രാത്രിയാരാധന നടത്തുന്നവക്ക് പൂ. ദ. വി.

4. മരണസമയത്തു് പൂ. ദ. വി.

5. 'ക്രിസ്തുരാജൻ വാഴ്ത്തപ്പെട്ടവനാകട്ടെ' എന്നു പൊല്ലുമ്പോഴൊക്കെയും നൂറു ദി. ദ. വി.

ഫ സൂചനം. പൂ. ദ. വി. പ്രാപിക്കുന്നതിനു് 1-നിശ്ചിതദിവസത്തിന്റെ മുമ്പു് എങ്കിലും പിമ്പു് എങ്കിലും ഉള്ള എട്ടു ദിവസങ്ങൾക്കുള്ളിൽ കുമ്പസാരിക്കണം (മിക്കവാറും പ്രതിദിനം വി. കു. ഉൾക്കൊള്ളുന്നവക്ക് രണ്ടാഴ്ചയിലൊരുകുമ്പസാരം മതി.)

2. ദ. വി. പ്രാപിക്കുന്ന ദിവസമൊ, അതിന്റെ തലേദിവസമൊ അഥവാ ആ ദിവസം കഴിഞ്ഞുള്ള എട്ടുദിവസങ്ങൾക്കകമൊ വി. കു. ഉൾക്കൊള്ളണം.

3. മാപ്പുപ്പായുടെ നിയോഗപ്രകാരം 1 ആ. 1 ന. 1 ത്രീ. ചൊല്ലണം.

സ്നേഹത്തിന്റെ കാരാഗൃഹമായ വി. കുർബാനയിൽ നമ്മെപ്രതിരാപകൽ ഉണർന്നിരിക്കുന്ന ഈശോയോടുകൂടി ഒരു മണിക്കൂർ നേരം ഉണർന്നിരിക്കുന്നതു് എത്ര ആനന്ദകരവും ആനുഗ്രഹയോഗ്യവുമായ കാര്യമാണു്. സ്നേഹമുള്ളിടത്തു ഭാരമില്ല. ഒരു കൂട്ടർ പത്രോസിനെപ്പോലെ ഉറങ്ങുകയും വേറൊരു കൂട്ടർ യൂദാസിനേയും യൂദന്മാരേയുംപോലെ ഈശോയെ പീഡിപ്പിക്കയും ചെയ്യുന്ന രാത്രിയാമങ്ങളിൽ, ആകുലയായ മശിഹാനയേപ്പോലെ ഉറക്കിളച്ചു് തന്നെ ആശ്വസിപ്പിക്കുന്ന പിലരെ അവിടവിടെ കാണുന്നതു് ഈശോയ്ക്കെന്നല്ല സ്വർഗ്ഗവാസികൾക്കും ഭൂവാസികൾക്കും എത്ര മനോഹരമായിരിക്കും. സ്ത്രീ ജനങ്ങൾ ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധപതിക്കുമെന്നുവേണം കരുതുവാൻ. ഈശോയ്ക്കുവേണ്ടി ഉറക്കിളയ്ക്കുന്നവർ ഓരോ തരത്തിലുള്ള അനർത്ഥങ്ങളിൽപെട്ട ഉറക്കിളച്ചു ക്ഷീണിക്കാതെ ഈശോ അവരെ ആദരിച്ചുകൊള്ളുമെന്നും, മരണസമയത്തു ഈശോ സന്നിഹിതനായി അവരോടുകൂടി വേണ്ടവോളം ഉറക്കിളച്ചു അവരെ ആശ്വസിപ്പിക്കുമെന്നും നമുക്കു ന്യായമായി പ്രത്യാശിക്കാം.

ക സൂചനം.—രാത്രിയാരാധന പള്ളികളിലും നടത്തിവരാറുണ്ടെങ്കിലും, കുടുംബങ്ങളെ ഉദ്ദേശിച്ചാണു് 'രാത്രിയാരാധനാസഖ്യം' സ്ഥാപിച്ചിട്ടുള്ളതു്.

ഇപാപ്പോസ്തലസംഖ്യം.

ഫൻസ്വർ നവംബർമാസത്തെ പൊതുനിയോഗം.

വിചാരിച്ചിരിക്കാതെ മരണം പിടികൂടുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക.

മരണം എപ്പോവർക്കും നിത്യസൗഭാഗ്യത്തിന്റെയോ നിത്യനിർഭാഗ്യത്തിന്റെയോ പ്രാരംഭമാകുന്നു. എങ്ങനെയായാലും നിത്യതയുടെ ആരംഭമാകുന്നു. ഒരു സുദീർഘമായ യാത്രകഴിഞ്ഞു സ്വഭവനത്തോടു അടുക്കുമ്പോൾ ഒരുവൻ അനുഭവിക്കുന്ന സന്തോഷം എത്രയെന്നു് എഴുതിഫലിപ്പിക്കുക വിഷമത്രെ. ഇതുപോലെതന്നെ നിത്യതയെ സമീപിക്കുന്ന ഒരുത്തന്റെ വിചാരവീചികൾ ഏതുതരത്തിലുള്ളവയെന്നു് അനുഭവിച്ചവർക്കേ അറിഞ്ഞുകൂടൂ. നമ്മുടെ ജന്മശത്രു ആ അന്ത്യനിമിഷത്തിൽ ചെയ്യുന്ന പോരാട്ടത്തിന്റെ ഉഗ്രത ഗ്രഹിച്ചിരുന്നെങ്കിൽ നാം "മരണപ്രമാദം അനുഭവിച്ച ഈശോയുടെ ദിവ്യഹൃദയമെ, മരിക്കുന്നവരുടെ മേൽ കൃപയായിരിക്കേണമെ" എന്നു മരിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥന എത്ര ഭക്തിയോടെ ചൊല്ലുമായിരുന്നു.

പെട്ടെന്നുള്ള മരണം ഒരുക്കത്തോടുകൂടിയതും ഒരുക്കമില്ലാത്തതും എന്നിങ്ങനെ രണ്ടുതരത്തിൽ ആവാം. മനുഷ്യർ പ്രതീക്ഷിക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരും എന്ന നമ്മുടെ ദിവ്യരക്ഷകന്റെ അമൃതവചനങ്ങൾ സദാ കൺമുമ്പാകെ വെച്ചുകൊണ്ടു് ഒരിക്കലും ഘനമായ പാപത്താൽ തന്റെ ആത്മാവിനെ മാലിന്യപ്പെടുത്താതെ എപ്പോഴും ദൈവപ്രസാദത്തിൽ ഇരുന്നു മരിക്കുന്നതിനാണു് ഒരുക്കത്തോടുകൂടിയ മരണം എന്നു പറയുന്നതു്. ഈ ദുർനായ ഒരുവന്റെ മരണം അവിചാരിതമായി സംഭവിച്ചാലും അതു് ഒരുക്കമുള്ളതുതന്നെ. ഈ ആത്മാവു്, സാമാനങ്ങളെല്ലാം കയറി സഞ്ചാരത്തിനു തയാറായിരിക്കുന്ന ഒരു കപ്പലിനോടു സദൃശമാകുന്നു. യാത്ര ആരംഭിക്കുന്നതു് എപ്പോഴായാലും ഒരു തരക്കേടും വരാനില്ല. ചാവുദോഷത്തോടുകൂടി പെട്ടെന്നു മരിക്കുന്നതാണു് ഒരുക്കമില്ലാത്ത മരണം. എന്നാൽ ബാഹ്യമായി മരിച്ചെന്നു തോന്നിയാലും ചിലപ്പോൾ ആത്മാവു് വേർപെടാതിരിക്കുകയും സുബോധം നശിക്കാതിരിക്കുകയും ചെയ്തെന്നു വന്നേക്കാം. ഇപ്രകാരം ചാവുദോഷത്താൽ ബന്ധിതരായി ഇഹലോകത്തെ വിട്ടാൽ അദൃശ്യമായവയാതൊന്നും പ്രവേശിക്കാത്ത ആ സ്ഥലത്തു് എങ്ങനെ ഹാജരാകും. ഇക്കൂട്ടരുടെ സ്ഥിതി ഭയങ്കരംതന്നെ. സുവിശേഷത്തിലെ ധനികനെപ്പോലെ ഭൗതികദൃഷ്ട്യാശ്രീമാന്മായി സമൃദ്ധിയിൽത്തന്നെ കാലം കഴിച്ചാലും ഇതൊക്കെ കഴിമാടത്തുകൽ അവസാനിക്കുന്നു. ഏതുനിലമാണു് അന്ത്യങ്ങളെപ്പറ്റി പലപ്പോഴും ധ്യാനിക്കുവാൻ വിശുദ്ധഗ്രന്ഥം ഉപദേശിക്കുന്നതു്, "മനുഷ്യാ നിന്റെ അന്ത്യങ്ങളെ ഓർക്കുക. എന്നാൽ നീ ഒരിക്കലും പിഴക്കുകയില്ല". പുണ്യാത്മാക്കൾ "ഏകകണ്ഠമായി സാക്ഷിക്കുന്നതുപോലെ മരണം ഒരു ഉത്തമഗുരുതന്നെ. വി. പത്രോസുശ്ലീഹായോടുകൂടി 'കർത്താവെ, ഇവിടെ ഇരിക്കുന്നതു് നമുക്കു നല്ലതാകുന്നു" എന്നു് നമുക്കും പറയാം.

എന്നാൽ ഇതിനു് ശരിയായി ഒരുങ്ങാതെ എത്രയോ പേർ മരിച്ചുപോകുന്നു. ദിവ്യരക്ഷകൻ മരിച്ചതു് എല്ലാവരേയും രക്ഷിക്കാൻ വേണ്ടിയാണു്. ഇവർക്കു് ഈ അന്ത്യവരം പ്രദാനം ചെയ്‌വാൻ നമുക്കു പ്രാർത്ഥിക്കാം. ഇപ്രകാരംചെയ്തു് ദിവ്യഹൃദയത്തെ സന്തോഷിപ്പിക്കുന്നവർ സ്വരക്ഷയും ദൃഢതരമാക്കുന്നു.

II മിഷൻനിയോഗം.

ചൈനാ, ജപ്പാൻ മുതലായ രാജ്യങ്ങളിൽ സമാധാനമുണ്ടായി പ്രേഷിത രംഗങ്ങളും പരിപുഷ്ടിപ്പെടുന്നതിനു്.

അതിരമ്പുഴ, പുളിംകുന്നു്, പായിപ്പാടു്, മുത്തോലി, തുടങ്ങനാടു് ഈ ഇടവകകളിലെയും, ചങ്ങനാശേരി സെൻറു് ബെർക്മാൻസു് ബോർഡിംഗിലേയും, തുരുത്തി മരിയസൈന്യത്തിലെയും ജപമാലസഖ്യാംഗങ്ങളും ആഗസ്റ്റു്, സെപ്റ്റംബർ ഈമാസങ്ങളിൽ ഈശോയുടെ തിരുഹൃദയത്തിനു സമർപ്പിച്ച

സുകൃതഭണ്ഡാരം

1	ദൈവസ്നേഹപ്രകരണം	1142765
2	കൊന്തനമസ്ക്കാരം	11895
3	സ്ലീവാപ്പാത	2375
4	ശു. കു. ഉൾക്കൊള്ളൽ	7314
5	അരുപിക്കടുത്ത "	79948
6	ആത്മശോധന	6656
7	വേലചെയ്ത നാഴിക	11821
8	മൗനം അനുഷ്ഠിച്ച മണിക്കൂർ	2881
9	ജ്ഞാനസ്നാനം	3674
10	കുർബാനചൊല്ലിച്ചതു്	5
11	" കണ്ടതു്	4698
12	ആശയടക്കങ്ങൾ	99438
13	പ്രായശ്ചിത്തങ്ങൾ	2431
14	ആത്മികമനോഗുണപ്രവൃത്തി	2963
15	ശാരീരമനോഗുണ പ്രവൃത്തി	3520
16	വിവിധ ജപങ്ങൾ	11570
17	നല്ലവണ്ണംകഴിച്ചുല്ലാസം	2702
18	ദുഃഖാരിഷ്ടതകൾസഹിച്ചതു്	1403
19	പ്രത്യേകദുഷ്ടനാവിജയം	4935
20	വി. കു. വാസിത്ത	12285
21	മറ്റു പുണ്യപ്രവൃത്തികൾ	3555

പ്രത്യേകനിയോഗങ്ങൾ.

1	ഇടവകകൾ	640
2	മുഴുവൻധ്യാനം	401
3	ദൈവവിളി	396
4	പള്ളിക്കൂടങ്ങൾ	442
5	വിദ്യാർത്ഥികൾ	1582
6	പരീക്ഷാവിജയം	807
7	കുടുംബങ്ങൾ	910
8	മാതാപിതാക്കന്മാർ	1165
9	യുവജനങ്ങൾ	1235
10	മക്കൾ	1363
11	സഖ്യപ്രോത്സാഹികൾ	4199
12	പതിതരുടെമാനസാന്തരം	1117
13	അജ്ഞാനികളുടെ "	2583
14	ദുഷ്കർത്തോലിക്കരുടെ "	1798
15	മദ്യപാനികളുടെ "	565
16	ശത്രുക്കളുടെ രമ്യം	517
17	മരിച്ച വിശ്വാസികൾ	4151
18	ഭാഗ്യമരണം	898
19	ഉദ്യോഗം	202
20	പണസഹായം	929
21	പ്രത്യേകമനോഗുണങ്ങൾ.	923

ജപാപ്പോസ്തല സഖ്യത്തിന്റെ ഒരസാധാരണയോഗം

ചങ്ങനാശേരി സെൻറ്റുബർക്കുമൻസു് ഇംഗ്ലീഷ് ഹൈസ്ക്കൂൾ സൊഡാലിറിയുടേയും ജപാപ്പോസ്തല സഖ്യതയുടേയും ഏകോപിച്ചുള്ള ഒരു വിശേഷാൽ യോഗം 110 കന്നിമാസം 14-ാം നു- ഞായറാഴ്ച റവ: ഫാദർ പ്ളാസിഡു് ററി. ഒ. സി. ഡി; പി. എച്ചു്. ഡി; ഡി. ഡി, ഡി. സി. എൽ; അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ നടക്കുകയുണ്ടായി. മതവും വിദ്യാഭ്യാസവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തേയും മതപരമല്ലാത്ത വിദ്യാഭ്യാസത്തിൽ നിന്നുണ്ടാകുന്ന അനിഷ്ടഫലങ്ങളേയും വിദ്യാലയങ്ങളിൽ ജപാപ്പോസ്തല സഖ്യത, മരിയസഖ്യം എന്നിവപോലുള്ള സഖ്യങ്ങൾ ഉണ്ടായിരിക്കേണ്ട ആവശ്യകതയേയും സവിസ്തരം പ്രതിപാദിച്ച അദ്ധ്യക്ഷന്റെ ശ്രേയമായ ഉപക്രമപ്രസംഗാനന്തരം റവ. ഫാദർ സെബാസ്ത്യൻ ചെറുശ്ശേരി, ശ്രീമാൻ ഒ. സി. വറുഗീസു് എം. എ. എൽ. ററി എന്നിവർ യഥാക്രമം ജപാപ്പോസ്തല സഖ്യം, മാതാവിന്റെ സൊഡാലിറിറി എന്നീ വിഷയങ്ങളെ ആസ്പദമാക്കി വിജ്ഞാനപ്രദങ്ങളായ ഓരോ പ്രസംഗങ്ങൾ ചെയ്തു. അനന്തരം നടന്നതു് സ്ക്കൂളിലെ ബോയിസ് സ്ക്കൗട്ടുകാരുടെ "പരിശമുട്ടുകളി" ആയിരുന്നു. രസകരമായ ഈ ചടങ്ങിനെ തുടർന്നുള്ള അദ്ധ്യക്ഷന്റെ സാരവത്തായ ഉപസംഹാര പ്രസംഗത്തിൽ പരിശമുട്ടുകളിയുടെ ഉത്ഭവം, പുരാതനത്വം തുടങ്ങിയവയെപ്പറ്റി വിശദമായി പ്രസ്താവിക്കയും, ഈ വിധ കലകളെ നാം നശിപ്പിക്കാതെ പോഷിപ്പിക്കേണ്ട ആവശ്യകതയെ പ്രത്യേകം ചൂണ്ടിക്കാണിക്കുകയും ചെയ്തു.

മീറ്റിംഗിനോടു സംബന്ധിച്ചതന്നെ "ഒരറായ കുറാരോപണം" എന്ന സാമാന്യം ദീർഘമായ ഒരു പ്രഹസനം വിദ്യാർത്ഥികളാൽ അതിവിജയപ്രദമാകും വണ്ണം അഭിനയിക്കുകയുണ്ടായിയെന്നതും പ്രസ്താവയോഗ്യമത്രേ.

ഉപകാരസ്മരണകൾ.

വി. യൗസേപ്പുപിതാവിന്റെ മദ്ധ്യസ്ഥാപേക്ഷയാലും വിശുദ്ധന്റെ സ്തുതിക്കായി ഒരു കർണ്ണാനന്ദം പൊല്ലിക്കാമെന്നും വിവരം "മദ്ധ്യസ്ഥ"നിൽ പരസ്യംചെയ്യാമെന്നുമുള്ള നേർച്ചയാലും എന്റെ അമ്മയുടെ സുഖക്കേടു ഭേദമായതിനുപകാരസ്മരണ രൂ. 1.

അന്നമ്മ. കുരുവിനാക്കുന്നേൽ. പൂവരണി.

വി. യൗസേപ്പുപിതാവിന്റെയും വിശുദ്ധ അന്തോനീസ്, വിശുദ്ധ കൊച്ചുത്രേസ്യാ എന്നീ പുണ്യാത്മാക്കളുടെയും മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനുപകാരസ്മരണ രൂ. 1. കെ. വി. കെ.

വിശുദ്ധ യൂദാശ്ലീഹായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനുപകാരസ്മരണ രൂ. 1. വടക്കേകളത്തിൽ പോത്തൻ ഫിലിപ്പ്.

വി. റീത്താപുണ്യവതിയുടെസഹായത്താൽ ഒരു സാധ്യകാര്യം സാധിച്ചതിനുപകാരസ്മരണ. രൂ. 2. കെ. കെ. തോമ്മസ്. കാഞ്ഞിരപ്പള്ളി.

കല്പനികാരം.

1. Facvltates

A SANCTA SEDE CONCESSAE

ad Confessiones Jubilaei Excipiendas.

1. Ad facultates quod pertinet, confessariis, ceteroquin ad iuris normam adprobatis, tribuendas, quibus in excipienda Jubilaei confessione salutariter utantur haec, quae sequuntur, decernimus.

1. Confessariis illae integrae sunt facultates absolvendi, dispensandi, commutandi, quascumque ab Apostolica hac Sede, vel in perpetuum vel ad tempus legitime impetraverint; id tamen intra concessionis terminos.

2. Monialibus iisque aliis feminis, quarum ad confessiones excipiendas ex Codicis praescripto, specialis adprobatio Ordinarii requiritur, fas esto quemvis confessarium sibi eligere ab eodem loci Ordinario pro utroque sexu approbatum, apud quem Jubilaei confessio peragi queat; cui quidem electo confessario concedimus ut, in excipiendis dumtaxat Jubilaei confessionibus, omnes exercere possit facultates quas ipse, vi Apostolicae huius Constitutionis, omnibus christifidelibus iam habeat.

3. Confessariis omnibus concedimus, ut per Annum Sanctum possint pro foro conscientiae in actu sacramentalis confessionis et per se ipsi tantum absolvere quoslibet paenitentes non solum a quibusvis censuris et peccatis Romano Pontifici aut Ordinario a iure reservatis, sed etiam a censura ab homine lata. Huius tamen censurae absolutio in foro externo non suffragabitur.

II. At hisce amplissimis facultatibus ne utantur nisi normis exceptionibusque servatis quae sequuntur.

1. Ne absolvant, nisi in adiunctis atque ad praescriptum can. 2254 Codicis iuris canonici eos, qui irretiti sint aliqua censura vel Romano Pontifici personaliter vel specialissimo modo Apostolicae Sedi reservata. Ne absolvant pariter, nisi in adiunctis can, 900, illos, qui in casum inciderint Sanctae Sedi reservatum ad normam decreti Sacrae Paenitentiariae Apostolicae,die 16 mensis Novembris, a. 1928 (cfr. Acta Apost. Sedis, vol XX. pag. 398) vi cuius decreti tamen post etiam obtentam absolutionem obligatio adhuc viget ad Sacram Paenitentiariam recurrendi eiusque mandatis obtemperandi.

2. Similiter ne absolvant, nisi ad praescriptum can. 2254, praelatos cleri saecularis ordinaria iurisdictione in foro externo praeditos, superioresque maiores Religionis exemptae, qui in excommunicationem speciali modo Sanctae Sedi reservatam publice inciderint.

3. Haereticos vel schismaticos, qui fuerint publice dogmatizantes, ne absolvant nisi ii, abiuratis saltem coram ipso confessario haeresi vel schismate scandalum ut par est, iam reparaverint aut promiserint sese ut par est, efficaciter reparaturos.

4. Pariter ne absolvant eos, qui sectis vetitis, massonicis aliisve id genus nomen dederint etiamsi occulti sint, nisi, abiurata saltem coram ipso confessario secta, scandalum reparaverint et a quavis activa cooperatione

vel favore suae cuiusque sectae praestando cessaverint; nisi ecclesiasticos et religiosos quos sectae adscriptos noverint ad can. 2336 § 2, denuntiaverint, nisi libros, manuscripta et signa quae eamdem sectam respiciant, quotiescumque adhuc retinent, absolventi tradiderint, ad S. Officium quamprimum caute transmittenda, aut saltem—idque iustis gravibusque de causis—per se ipsos destruxerint; sin minus, ipsimet sincero animo spoponderint se memoratas condiciones esse, quamprimum potuerint, adimpleturos: impositis, praeterea pro modo culparum gravi paenitentia salutari et frequenti sacramentali confessione.

6. Qui bona vel iura ecclesiastica sine venia acquisiverint, ne absolvantur nisi aut iis restitutis, aut compositione quam primum ab ordinario vel ab Apostolica Sede postulata, aut saltem promissione sincere facta eamdem compositionem postulandi; nisi de locis agatur, in quibus a Sede Apostolica aliter iam provisum fuerit.

7. Possint iidem confessarii omnia et singula vota *privata* etiam Sedi Apostolicae reservata, iurata quoque commutare in alia pia opera, ex iusta causa. Votum autem castitatis perfectae et perpetuae, quamvis ab origine publice emissum sit in professione religiosa tam simplici quam sollemni subinde tamen, aliis huius professionis votis dispensatis, firmum atque integrum manserit similiter possint, gravi de causa, in alia pia opera commutare. Nullatenus tamen ab eodem illos dispensent, qui vi Ordinis sacri ad legem caelibatus tenentur, etiamsi ad statum laicalem redacti sint. A commutandis vero votis cum praeiudicio tertii, se abstineant, nisi is, cuius interest, libenter expresseque consenserit. Votum denique non peccandi, aliave paenalia vota ne commutent, nisi in opus, quod, non minus quam votum ipsum, a peccato refrenet atque arceat.

7. Dispensare possint, in foro conscientiae et sacramentali tantum, a quavis irregularitate ex delicto prorsus occulto, item ab irregularitate, de qua in can. 985, 4; sed ad hoc unice ut paenitens Ordines iam susceptos sine infamiae vel scandali periculo exercere queat.

8. Dispensare item possint pro foro conscientiae et sacramentali tantum, ab occulto impedimento consanguinitatis in tertio vel secundo gradu (sexto vel quarto iuxta computationem Orientalium) collaterali, etiam attingente primum (quartum vel tertium Orientalium), quod ex generatione illicita proveniat, solummodo ad matrimonium convalidandum, non ad contrahendum.

9. Sive autem de matrimanio contracto agatur sive de contrahendo, dispensare possint ab occulto criminis impendimento, neutro tamen machinante; iniuncta, in primo casu, privata renovatione consensus secundum can. 1135; imposita, in utroque, salutari, gravi diuturnaque paenitentia.

10. Ad visitationes quod attinet quatuor ecclesiarum, confessarii pro singulis qui, iusta de causa, eas praescripta ratione perficere nequeant, facultatem habent cum concedendi dispensationem a visitatione alicuius ecclesiae, eam commutando—si fieri potest—in visitationem alius eccleisae tum etiam visitationum numerum contrahendi. Singulis autem qui, morbo aliove legitimo impedimento detenti memoratas ecclesias invisere nequeant, praescriptas visitationes in alia pia opera, quae ab ipsis impleri possint, commutent. Confessarii tamen scient, se conscientiam suam oneraturos, si inconsulto et sine iusta causa christifideles ex eiusmodi visitationibus eximerint. Quos vero recte a visitationibus dispensaverint, iis ne indulgeant ut preces

ad mentem Nostram fundendas, quae a visitatione separari quidem possunt, praetermittant; in aegrotantium commodum tantum liceat eas etiam imminuere.

11. Ab obligatione praescriptae confessionis quam ad adimplendam nec invalida nec annua ex praecepto confessio sufficit, ullum ne exsolvant, ne eum quidem qui materiam necessariamnon habeat.

12. Ad S. Communionem quod attinet, nefas esto eiusmodi praescriptum in alia pia opera commutare, nisi de aegrotis agatur qui ab ea suscipienda prorsus impediantur. Volumus autem, Jubilaei causa, eam sufficere, quae per modum viatici ministratur; minime vero eam, quae in Paschate peragendo praecipitur.

13. Confessarii scient posse se descriptis facultatibus uti cum omnibus fidelibus Ecclesiae tam Occidentalis, quam Orientalis, qui ad confitendum apud ipsos accedant ea mente et voluntate, sincera quidem et firma, ut Iubilaei veniam lucrentur.

Facultatibus tamen absolvendi a peccatis et ab ecclesiasticis censuris ac dispensandi ab irregularitate cum eodem paenitente uti nequeant nisi semel tantum, cum ipse Jubilaei veniam primum lucretur; itemque tum solummodo cum paenitens ab alio confessario, a die octava Paschatis huius anni, a peccatis et a censuris absolutus iam non fuerit, vel ab irregularitate dispensatus.

Ceteras vero facultates-eam etiam visitationes contrahendi aut commutandi ad datam normam sub. n. 10- in favorem etiam eiusdem paenitentis semper exercere poterunt.

Ceterum, si quis post inchoata, huius Jubilaei adipiscendi animo, praescripta opera, praefinitum visitationum numerum morbo impediti complere nequiverint, Nos piae promptaeque illorum voluntati

benigne favere cupientes, eosdem rite confessos ac sacra Communione refectos, memoratae indulgentiae participes fieri volumus, non secus ac si omnia imperata opera explevissent.

---

2 ശ്രുതാ അതിത്തിനിണ്ണയം.

ഈ ശ്രുതയും എറണാകുളം അതിശ്രുതയും തമ്മിലുള്ള അതിത്തി തിരുവിംഹാസനത്തിൽനിന്നും നിശ്ചയിച്ച് 1934 ഒക്ടോബർ ആറാം തീയതിമുതൽ നടപ്പിലാക്കിയിരിക്കുന്നു. അതിത്തിനിണ്ണയം താഴെ ചേർത്തിരിക്കുന്നു:—

"The southern boundaries of the pakutis Shertally South and Thannermukkam North, the southern and eastern boundaries of the pakuti Vetchur as far as the Puthenthode following the same to where it meets the pakuti Vadayar, the eastern boundary of this pakuti and the Muvattupuzha River to where it leaves Piravom 2nd bit, then eastwardly the northern boundary of this pakuti, the northern boundaries of the pakutis Thirumaradi and Kuthattukulam as far as the kara Marika, the western boundary of this kara, the western and southern boundaries of the pakuti Manakkadu, the southern and eastern boundaries of the pakuti Thodupuzha as far as the River of the same name following this to its affluent the Vazhipuzha and that again as far as the eastern boundary of the pakuti Karikkodu, thence said eastern boundary southward to where it meets and follows the northern boundary of the taluk Peermade as far as the confines between the State of Travancore and the district of Madura."

---

3. ബ. വൈദികരുടെ സ്ഥലംമാറ്റം.

1.	ആലപ്പാട്ട ബ. പൗലോസ് അച്ചൻ	അങ്കമാലി	വികാരി
2.	നെല്ലുവേലിൽ ബ. യൗസേപ്പച്ചൻ	വാഴൂർ.	"
3.	മൂങ്ങാമാക്കൽ ബ. മത്തായി അച്ചൻ	തോടനാൽ	"
4.	നടയത്തു ബ. ആഗസ്തി അച്ചൻ	കുന്നോന്നി	"
5.	പറേക്കുന്നേൽ ബ. തോമ്മാച്ചൻ	അന്ത്യാളൻ	"
6.	പനക്കൽ ബ. അഗസ്തി അച്ചൻ	അമ്പാറനിരപ്പേൽ	അസി.
7.	വാട്ടമ്പള്ളി ബ. മത്തായി അച്ചൻ	ആർപ്പൂക്കര. കു. പ.	"
8.	കിഴക്കേക്കര ബ. മത്തായി അച്ചൻ	എളന്തോട്ടം കു. പ.	"
9.	വകയാറിൽ ബ. ഫ്രാൻസീസച്ചൻ	വയലാ. കു. പ.	"

4. ബ. വൈദികരുടെ ധ്യാനം.

1. ആലപ്പുഴ ഫൊ. പള്ളിയിലെ ധ്യാനം നവംബർ 25-ാംനു-
2. ചെ. ബ. ഫൊ. വികാരിമാരേയും മറ്റും ഉദ്ദേശിച്ചു ആണ്ടവസാനമുള്ള ധ്യാനം കോളേജു ഹോസ്റ്റലിൽ വച്ചു ഡിസംബർ 26-ാംനു- ആരംഭിച്ചു ജനുവരി 1-ാംനു- അവസാനിക്കുന്നതായിരിക്കും.

5. എ. പെ. പെ. ബ. മെത്രാനച്ചൻ തിരുമനസ്സിലെ പള്ളിസന്ദർശന പ്രോഗ്രാം.

1934 ഒക്ടോബർ	27-ാം നു-	കാലത്തു്	7½ മണിയ്ക്കു്	കിടങ്ങറാ
"	"	ഉച്ചകഴിഞ്ഞു്	4 "	മുട്ടാർ പുതിയ
"	28-ാം നു-	"	4 "	മുട്ടാർ പഴയ
"	29-ാം നു-	"	4 "	കാവാലം
"	31-ാം നു-	കാലത്തു്	7½ "	കേസറിയാ
"	"	ഉച്ചകഴിഞ്ഞു്	4 "	കൈനടി
നവംബർ	1-ാം നു-	"	4 "	കൈനകരി
"	3-ാം നു-	"	4 "	ആലപ്പുഴ
"	5-ാം നു-	"	4 "	തത്തമ്പള്ളി
"	7-ാം നു-	കാലത്തു്	7½ "	പ്രക്കാട്ടു്
"	"	ഉച്ചകഴിഞ്ഞു	4 "	കരുവാറാ
"	8-ാം നു-	"	4 "	അരമന

1. പുസ്തകാഭിപ്രായം.

"ക്രിസ്തുനാഥചരിതം."

(ഗ്രന്ഥകർത്താ, വിദ്വാൻ സി. എം. സെബാസ്റ്റ്യൻ)

ബാലന്മാർക്ക് കീർത്തനങ്ങൾ ചൊല്ലി രസിക്കുന്നതിനുള്ള താല്പര്യം സുപ്രസിദ്ധമാണല്ലോ. ഈ സ്വാഭാവികവാസനയെ മൂലത്തിൽ ക്രിസ്തുവിന്റെ പരിപാവനതത്വങ്ങൾ അവരിൽ ശുദ്ധമൂലമാക്കുന്നതിനു് അത്യന്തം പര്യാപ്തമായ ഒരു ലഘു പദ്യകൃതിയാണു് ഈ ക്രിസ്തുനാഥചരിതം. ഇതു് പ്രസിദ്ധപ്പെടുത്തിയിട്ടു് ഇനിയും ഒരാണ്ടു പൂർത്തിയായിട്ടില്ലെങ്കിലും ഇതിനോടകം മൂന്നു പതിപ്പു വേണ്ടിവന്നു എന്നുള്ളതുതന്നെ ഇതിന്റെ ഗുണത്തിനു് ഉത്തമസാക്ഷിയാണല്ലോ. ഞങ്ങളും ഇതിനു് ഒരു ശോഭനമായ ഭാവി ആശംസിക്കുന്നു. ചെറുപുഷ്പവിലാസം പ്രസിദ്ധീകരശാല, അതിരമ്പുഴ എന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക. വില ചക്രം 5.

2. രണ്ടു ചെറുഗ്രന്ഥങ്ങൾ.

കത്തോലിക്ക സാഹിത്യനിലയ (എറണാകുളം) ത്തിൽനിന്നും ശ്രീമാൻ കെ. എ. പോളം പ്രസിദ്ധീകരിച്ചിരിക്കുന്ന "ഈ 'യുക്തിവാദി' പെട്ട പാട്ട്" (ഒരു ചെറുകഥ) "ജൂബിലിജപമഞ്ജരി" എന്നീരണ്ടു ചെറുഗ്രന്ഥങ്ങൾ കൈപ്പറ്റി നന്ദിപറയുന്നു. ജൂബിലിദണ്ഡവിമോചനം പ്രാപിക്കുന്നതിനു് വേണ്ടകാര്യങ്ങൾ സംക്ഷിപ്തമായി ജൂബിലിമഞ്ജരിയിൽ കൊടുത്തിട്ടുള്ളതു് പലർക്കും ഉപകാരപ്രദമായി വീക്ഷിക്കാതിരിക്കയില്ല. വിലരണ്ടു പുസ്തകങ്ങൾക്കും ൧൫ പൈസാവീതം.

ചരമവാർത്തകൾ

ചാവക്കാട്ടിനടുത്ത ബ്രഹ്മക്കുളംഇടവക പൊന്നോര മറിയം തന്റെ 77-ാ മത്തെവയസ്സിൽ സെപ്റ്റംബർ 6-ാം തീയതിയും രാമപുരം പൊറോനാപള്ളി ഇടവക കിലയ്യ മോനിക്കാ 60-ാമത്തെ വയസ്സിൽ സെപ്റ്റംബർ 23-ാം തീയതിയും ഭരണങ്ങാനം പൊറോനാപള്ളിയിടവക പ്ലാത്തോട്ടത്തിൽ മാണിമകൾ മറിയം 19-ാമത്തെ വയസ്സിൽ ഒക്ടോബർ 21-ാം തീയതിയും അന്ത്യകൂദാശകളെല്ലാം സുബോധത്തോടെകൈക്കൊണ്ടു കർത്താവിൽ മൃത്യുമരണംപ്രാപിച്ചിരിക്കുന്നു. വിശ്വാസികൾ ഇവരുടെ ആത്മാനുക്രമത്തിനു പ്രാർത്ഥിപ്പാറാകണം.

St. Joseph's Orphanage Weaving Institute. Changanacherry.

അനാഥശാല നെയ്ത്തുശാല, ചങ്ങനാശേരി.

ഇവിടെ പലജനത്തിലുള്ള തുണിത്തരങ്ങളും, തുവാലകളും, പുതപ്പുകളും, മേശവിരി, ബെഡ്ഷീറ്റ്, നാഫ്കിൻ, ടൗവൽ മുതലായവയും, കരയൻമുണ്ടുകളും, വേഷ്ടികളും,, തുപ്പട്ടികളും, തോൾതുകളും ആദിയായി നിത്യഉപയോഗത്തിനുള്ളവയും പള്ളികളിലുംമറ്റും ഉപയോഗിക്കാവുന്ന പരവതാനികളും, ചവുക്കാളങ്ങളും, സന്ന്യാസസഭക്കാക്കുള്ള ബ്രൗൺതുണികളും ആദിയായവയും എപ്പോഴും വിൽപ്പനയ്ക്കുള്ളതുകൂടാതെ ആവശ്യക്കാരുടെ ഇഷ്ടാനുസരണം ഏതു വലിപ്പത്തിലും ഡിസൈനിലും വേണ്ട ചരക്കുകളും ആദായകരമായി അപ്പോഴപ്പോൾ ചെയ്തുകൊടുക്കുന്നതാണ്.

വിലവിവരം.

		വലിപ്പം.	രൂ.	ചു.	കാ.
ചവുക്കാളം	ഒന്നാംതരം	34″×72″	3	7	2
ടി	രണ്ടാംതരം	ടി.	2	14	4
ടി	മൂന്നാംതരം	36″×72″	1	17	12
മേശവിരി	വലുത്	54″×90″	1	14	4
ടി	ചെറുത്	42″×80″	1	0	0
പോക്കറ്റുതൂവാല	വലുത്	22″×22″	0	3	0
ടി	ചെറുത്	19″×19″	0	2	4
ബാത്ത് ടൗവ്വൽ		32″×60″	0	17	12
ടി	രണ്ടാംതരം	29″×54″	0	11	0
ടി	മൂന്നാംതരം	ടി.	0	8	0
നാഫ്കിൻ		20″×20″	0	4	0
ബെഡ്ഷീറ്റ്		54″×90″	1	7	2
ബ്രൗൺ തുണി	വാരയ്ക്ക്	43″×36	0	19	8
കറുപ്പുലോഹ..	″ (പോപ്ലിൻ)	36″×36″	0	19	8
ഷട്ടിങ്ങ്	″	30″×36	″0	8	0

മുണ്ടുകളും, തോൾതുകളും മുതലായവ മുക്കാൽ രൂപ മുതൽ അഞ്ചു ചക്രംവരെവിലയുള്ളവ ഇവിടെ വില്പനയ്ക്ക് എപ്പോഴുംതയാറുണ്ട്.

St. Joseph's Orphanage Press, Changanacherry.

ഇവിടെ അച്ചടി സംബന്ധമായ എല്ലാജോലികളും മിതമായ കൂലിക്കും ഭംഗിയായും കൃത്യസമയത്തും ചെയ്തുകൊടുക്കുന്നതിനു് എപ്പോഴും തയ്യാറുണ്ടു്.

ബാങ്കുകാർ, കച്ചവടക്കാർ, മറ്റുതരത്തിലുള്ള വ്യവസായശാലക്കാർ മുതലായവക്കു് നിത്യോപയോഗത്തിലിരിക്കുന്ന കണക്കു പുസ്തകങ്ങളും, ബില്ലുകളും, രസീതുകളും എന്നിവ അവരവരുടെ ഇഷ്ടാനുസരണം ആവശ്യപ്പെടുന്ന വിധത്തിൽ കുറഞ്ഞ നിരക്കിൽ ചെയ്തുകൊടുക്കുന്നതാണു്.

സ്കൂൾ റിക്കാർട്ടുകൾ.

ഹാജർബുക്കുകൾ, അകപിറാൻസ്റോൾ, ഫീസ്രസീതുബുക്കുകൾ, ഫീസ് രജിസ്റ്റർ ബുക്കുകൾ, വാക്സിനേഷൻ രജിസ്റ്റർബുക്കുകൾ, സർട്ടിഫിക്കറ്റ് ബുക്കുകൾ, ബിൽ ഫാറങ്ങൾ, അപേക്ഷാഫാറങ്ങൾ പ്രോഗ്രസ് രജിസ്റ്റർ മുതലായവ ഇവിടെ എപ്പോഴും വില്പനയ്ക്കുണ്ടായിരിക്കുന്നതാണു്. കൂടാതെ വിദ്യുത്പ്രിക്കുകൾക്കാവശ്യമുള്ള പലതരത്തിലുള്ള നോട്ടുബുക്കുകൾ, ലറർപാഡുകൾ, ഡയറികൾ മുതലായവയും വില്പനയുണ്ടു്.

പള്ളിറിക്കാർട്ടുകൾ.

യോഗപുസ്തകങ്ങളും, അക്കൗണ്ടു് ബുക്കുകളും, ആത്മസ്ഥിതിവിവരപുസ്തകങ്ങളും, മാമ്മോദീസാ, വിവാഹം, മരണം എന്നിവയ്ക്കുള്ള രജിസ്റ്ററുകളും വിവാഹക്കുറികളും, ബിൽ, രസീതു്, ഇംഗ്ലീഷിലും മലയാളത്തിലും ആർട്ടു പേപ്പറിൽ അച്ചടിച്ചിട്ടുള്ള സൊഡാലിറ്റി ഡിപ്ലോമാകളും മുതലായവയും ജപമാലസ്തുതി സഖ്യം വക രജിസ്റ്റർബുക്കുകളും, സാക്ഷിപത്രങ്ങളും, 'സുകൃതഭണ്ഡാരമാതൃക' മുതലായവയും വേദപാഠക്ലാസുകൾക്കായി പ്രത്യേക വിധത്തിൽ റൂൾചെയ്തു തയാറാക്കിയിട്ടുള്ള വേദപാഠ ഹാജർ ബുക്കുകളും ആദിയായവ എപ്പോഴും തയ്യാറുണ്ടു്.

ബയൻറിങ്ങു്

തുകലിലും കാലിക്കോയിലും തങ്കവേലകളോടുകൂടി എല്ലാത്തരം ബയൻറിങ്ങും ഇവിടെ ചെയ്തുകൊടുക്കുന്നതാണു്.

Reg. No. T. 21.

പഞ്ചാംഗം.

1934 നവംബർ — തുലാം–വൃശ്ചികം 1110

ശുദ്ധീകര ആത്മാക്കളുടെ മാസം.

				ഇം.മ.
1	16	വ്യാ	✠	സകല ശുദ്ധന്മാരുടെയും	വെ
2	17	വെ		സകല മരിച്ചവരുടെയും ഓർമ്മ	ക
3	18	ശ		സകല ശുദ്ധ. ഓർമ്മ.	വെ
4	19	ഞാ	✠	പന്ത. 21-ാം ഞാ. (ദെൻഹാ) 4 (ഏത്താ) ക. 2 ക. മെ.	വെ
5	20	തി		വി. സ്ക്കറിയാ	വെ
6	21	ചൊ		സകല ശുദ്ധ. ഓർമ്മ.	വെ
7	22	ബു		സകല ശുദ്ധ. ഓർമ്മ.	വെ
8	23	വ്യാ		സകല ശുദ്ധ. എട്ടാമ.	വെ
9	24	വെ		ദിവ്യരക്ഷകന്റെ പള്ളികൂദാശ	വെ
10	25	ശ		വേ. ഗ്രോഷ്യോസ് കുട്ടന്മ	ചു
11	26	ഞാ	✠	പന്ത. 22-ാം ഞാ. (ദെൻഹാ 5) ഹ. 5 മെ.	വെ
12	27	തി		പാ. വേ. മർത്തിനോസ്	ചു
13	28	ചൊ		മഴ. സ്വർഗ്ഗാരോപണ കോസ്ത്തക്ക	വെ
14	29	ബു		മറിയം മഗ്ദലെത്താ (ജൂലൈ 22)	വെ
15	30	വ്യാ		ക. ജർത്രൂദ്	വെ
16	1	വെ		ക. മത്താ (ജൂലൈ 29)	വെ
17	2	ശ		അ. മഴ. ഗ്രിഗോറിയോസ്	വെ
18	3	ഞാ	✠	പന്ത. 26-ാം ഞാ. (ദെൻഹാ 6) ക. 6 ഹ.	പ
19	4	തി		പാ. വേ. അന്ത്യോനോസ്	ചു
20	5	ചൊ		മഴ. ഫെലിക്സ്	വെ
21	6	ബു		എ. ഭ. ക. മറി. മാ അൽത്താ	വെ
22	7	വ്യാ		ക. വേ. സിസീലിയാ	ചു
23	8	വെ		പാ. വേ. ക്ലേമിസ്	ചു
24	9	ശ		വേ. ക്രൂസോഗോനോസ്	ചു
25	10	ഞാ	✠	പന്ത. 27-ാം ഞാ. (പന്ത. 24-ാം ഞാ.) ഹ.7.ഹ.	പ
26	11	തി		അ. വേ. പത്രോസ്, അല.	ചു
27	12	ചൊ		ക. ക്ലാര (ഓഗ. 12)	വെ
28	13	ബു		പാ. വേ. സെപ്പൊതിനോ (ആഗ. 26)	ചു
29	14	വ്യാ		ശ്ലീ. അന്ത്രയോസ് തലേനാൾ (ഇ. വി.) മാതാവിൻ്റെ അമലോത്ഭവതിരു. നൊവേനത	റോ
30	15	വെ		ശ്ലീ. അന്ത്രയോസ് ഇന്ന പാതിരാവുമുതൽ 25 നോമ്പു തുട.	ചു

Printed and Published by Rev. Fr. Mathew Alakalam
at the S. J. O. Press, Changanacherry.